

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 11 No. 11 Newsletter November 2013



Jesus said, "Let the little children come to me."
(Matt. 19:14)

# Church News

## Congratulations



കേരള യൂണിവേഴ്സിറ്റിയുടെ ഇക്കഴിഞ്ഞ ബി.ടെക് പരീക്ഷയിൽ (മെക്കാനിക്കൽ-ഓട്ടോമൊബൈൽ) രണ്ടാം റാങ്ക് കരസ്ഥമാക്കിയ **സുഗന്ധ് ആർ.**

പിതാവ്: ആർ. രാജേന്ദ്രകുമാർ, മാതാവ്: നിള രാജേന്ദ്രകുമാർ, സഹോദരി: സ്നേഹ ആർ.

## ഫാമിലി ബൈബിൾ ക്വിസ്

യംഗ് ഫാമിലി ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാമിലി ബൈബിൾ ക്വിസ്സിന്റെ ഫൈനൽ റൗണ്ട് ഒക്ടോബർ 13-ന് നടന്നു. ഒന്നാം സ്ഥാനം : പ്രവീൺ ടൈറ്റസ് & ടീം, രണ്ടാം സ്ഥാനം : അജിത് സെൻ & ടീം, മൂന്നാം സ്ഥാനം : പ്രീതി എഡ്വിൻ & ടീം.

### സീനിയർ സിറ്റിസൺസ് വാരം

സെപ്റ്റംബർ 29-ാം തീയതി മുതൽ ഒക്ടോബർ 6 വരെ സീനിയർ സിറ്റിസൺസ് വാരമായി ആചരിച്ചു. റവ. റ്റി. വെൽവെറ്റ് ജോൺ ഉദ്ഘാടനം ചെയ്തു. സമാപനയോഗത്തിൽ ഡോ. ഡി. ബാബു പോൾ ഐ.എ.എസ് മുഖ്യാതിഥിയായിരുന്നു. ഈ വർഷം 75 വയസ്സ് പിന്നിട്ട നമ്മുടെ സഭയിലെ 11 വന്ദ്യമാതാപിതാക്കളെ തദവസരത്തിൽ ആദരിച്ചു.

### സണ്ടേസ്കൂൾ റിട്രീറ്റ്

ഒക്ടോബർ രണ്ടാം തീയതി ഉച്ചകഴിഞ്ഞുള്ള സണ്ടേസ്കൂൾ ബാച്ചിലെ കുട്ടികൾക്കായി കന്യാകുമാരി കേന്ദ്രമാക്കി റിട്രീറ്റ് സംഘടിപ്പിച്ചു. സണ്ടേസ്കൂൾ അധ്യാപക റിട്രീറ്റ് ഒക്ടോബർ 16-ാം തീയതി തെന്മല കേന്ദ്രമാക്കി സംഘടിപ്പിച്ചു.

### ടീനേജ് ക്യാമ്പ്

സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13 മുതൽ 16 വരെ മണ്ണന്തല മർത്തോമ്മാ സ്റ്റഡി സെന്ററിൽവച്ച് ടീനേജ് ക്യാമ്പ് സംഘടിപ്പിച്ചു. മനോജ് കെന്നത്ത് (യൂത്ത് ഫോർ ക്രൈസ്റ്റ്) നേതൃത്വം നൽകി. 50 ഓളം പേർ പങ്കെടുത്തു.

### ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ

ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രതിനിധികൾ നമ്മുടെ സഭാരാധനകളിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ഡോർ കളക്ഷൻ സ്വീകരിക്കുകയും ചെയ്തു.

### നാഷണൽ മിഷണറി സൊസൈറ്റി (എൻ.എം.എസ്)

നവംബർ 17-ാം തീയതി എൻ.എം.എസ് പ്രതിനിധികൾ നമ്മുടെ ആരാധനകളിൽ പങ്കെടുത്ത് ദൂത് നൽകുന്നതാണ്. തിരുവനന്തപുരം ഏരിയാ കമ്മിറ്റിയുടെ സെന്റിനറി സ്മാരക സഭയുടെ കെട്ടുപണിക്കായി സംഭാവനകൾ സ്വീകരിക്കുന്നതുമാണ്.

### Remembrance Day

നവംബർ 3-ാം തീയതി ഞായറാഴ്ച Remembrance Day ആയി ആചരിക്കുന്നു. പതിവ് പോലെ അന്നേ ദിവസം വൈകുന്നേരം 5.30-ന് സെമിത്തേരിയിൽ ഘോഷയാത്രയും പ്രത്യേക ആരാധനയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ സഭാംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ടവരുടെ കല്ലറകൾ വൃത്തിയാക്കുകയും ഈ പ്രത്യേക ആരാധനയിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

### വാർഡ് പ്രെയർ മീറ്റിംഗ് – കവടിയാർ

നവംബർ മാസം 17-ാം തീയതി വൈകുന്നേരം 5 മണിക്ക് കവടിയാറിൽ ശ്രീ. ഇമ്മാനുവേൽ ഹെൻറിയുടെ ഭവനത്തിൽ വച്ച് നടക്കുന്നതാണ്.

### ചരമ അറിയിപ്പ്



നന്തൻകോട് : നളന്ദയിൽ ജ്ഞാനവിലാസത്തിൽ ജി. സ്റ്റാന്റ്ലി (87) സെപ്റ്റംബർ 28-ന് നിര്യാതനായി. ഭാര്യ: പരേതയായ ബെൽസമ്മ സ്റ്റാന്റ്ലി. മക്കൾ: എസ്. വിജയകുമാർ, സുമം, ജിജി സ്റ്റാന്റ്ലി



കവടിയാർ : ഗോൾഫ് ലിംഗ്സ് റോഡിൽ ടി.സി. 5/2502-ൽ സെലീന വി.എച്ച് ഒക്ടോബർ 1-ന് നിര്യാതയായി.

# CHURCH VOICE

11th year of publication

## NOVEMBER 2013


**CHIEF EDITOR**

Rev. C.R. Vincent

**EDITOR**

R. Sajan Samson

**EDITORIAL BOARD**

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Christenson E. Sarasam
Adv. Sarjine Thomas



**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347


Articles / Feedback may be sent to :

churchvoice@gmail.com

before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Mr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## From the Presbyter's desk



Theme of the year

**'Pastoral Ministry in the urban context'**

Dearly beloved in Christ,

Greetings in the matchless name of our Lord and Redeemer Jesus Christ!

**Golden verse of the month:**

'Not by works of righteousness which we have done, but according to His mercy He saved us.' (Titus. 3:5(a))

**സ്വർണ്ണവാക്യം:** "അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത് (തീത്തോസ്: 3:5(എ))"

Grace of God unveils the mercy, which safeguards the humans. The Bible speaks of the Holy Spirit in three tenses. It refers to the work of the Holy Spirit in the past, such as creation, in present it tells of His coming upon David and Jesus Christ and in future the continuing work of spirit in us. 'Let the spirit direct your lives.' (Gal. 5:22-26). All the above said qualities need to grow in us. We cannot experience to have an abundance of them instantly. As we leave in the spirit, we will grow in righteousness. There must be a constant support of spirit in our lives so that we will continue to grow in his mercy.

One of our Church Members, Mrs. Jayanthy. J in her anthology of poems 'Ever Green Rythms', has penned as follows:

"Cool breeze, swaying trees,
Summer rain, wet grass,
Still nights natures fragrance,
Ethereal dome, illuminated high,
Tossing waves, azura sky,
Are sweet entries, when loneliness strikes."
and
"Now ....! when depression clouds my mind,
Or loneliness embrace me whole,
I quite walked down memories lane,
Where I stay to cool my soul;
Glorious reminiscences, Man's richest heritage,
They cure us from all pains."
(From the poem 'Down Memories Lane')

Having now received the guidance of God's mercy in our life in the past will cure all our pains, when we remember the wonderful things that happened in the background of God's creation. Bible speaks about this mercy of God through creation in Psalms 19:1-9. The Psalmist concludes his thoughts that 'let the words of my mouth and the meditation of my heart, be acceptable in thy sight, O Lord, my strenghth (rock) and my Redeemer (Psalms. 19:14). The meditation on these versus would create insights to receive His mercy which shall redeem or save our life from all pains. Our God heard the painful prayer of His people in their bondages. He felt mercy on them and delivered them from the bondage in Egypt (Exo. 2:23-25, 3:7) in the same way, He delivers his people from the clutches of sin with the help of Holy Spirit (Psalms. 51:1-2). Let us become partners in the process of restoration of God's creation and redemption.

St. Paul writes this Epistle prior to II Epistle to Thimothy about the grace and mercy of God. Titus was a gentile and a disciple of St. Paul, but we have only very little knowledge about him through his second Epistle to Corinthians and Epistle to Galatians. This letter was written from nieopolis probably just before he was taken to prison in Rome in 67 or 68 AD. II Timothy 4:10 says that Titus had been with St. Paul during this imprisonment. Apostle Paul gives directions to Titus regarding qualifications and duties of ministers and the manner in which false teachers and false doctrines (principles) should be addressed in his pastoral leadership. They are: (1) the order of life as a minister of the word (ch.1), general behaviour pattern to aged men and women; young men and women, servants and believers (ch.2). The right attitude to rulers like the spirit of readiness in Christian service concerning wisdom and knowledge to deal with heresy. There are a few points to remember in this, this month. They are:

**All Saints day:** Christians are called to sacrifice their lives for the sake of the Gospel. November 1st is the day set apart to contemplate the Saints who have suffered and sacrificed their lives throughout history particularly in the first century AD.

**All Souls day:** November 2 is the day to remember all those who have departed from us. John 11. 21-27 speaks about All Souls Day. In II Cori. 5. 1-10, Paul says that the body of the humans is clothing for the soul, which is made of earth. The future body we receive from God which is eternal and immortal at the time of ressurection.

**World Sunday School Day:** The first Sunday of November, we do celebrate us World Sunday School Day. This year we think about the children and

youngsters based on the subject 'What manner of child shall this be!' (Luke. 2:66).

**Unity Sunday:** On Sunday, November 10, we celebrate the communion of Churches in India (CSI - CNI - MTC). St. John 10:16 says that 'I (the good shepherd) have other sheep that are not of this fold. I must bring them also and they will hear my voice, so there shall be one flock, one shepherd.' Bishop J.W. Gladston says that, 'the great fellowship at the Lord's table is the embodiment of the Divine Unity'. The Communion of Churches in India (CCI) is a visible union in the mission and ministry today.

**Andrew : Apostle and Martyr:** On 30th November, we remember Andrew, one of the disciples of Jesus Christ. He is the person who responed to the call of Jesus. This martyr is known for his zeal for evangelism and the commitment to find out resources for mission. This kind of life is the need of the hour which will help us to receive God's mercy in our lives. The Church is bestowed with resources to take up the challenges of mission that we face today. Because we are created in God's image to share the spirit of Salvation.

With prayers and regards,

Yours in Christ,
**Vincent Achen**

**C. S. I. Mateer Memorial Church**
**Summary of Accounts for the month of August 2013**

| Sl.No | Recepits | Amount | Sl.No | Payments | Amount |
|---|---|---|---|---|---|
| 1 | Opening Balance | 410543 | 1 | Salaries & Allowance | 172114 |
| 2 | Offerings | 466341 | 2 | Administrative Expenses | 36985 |
| 3 | Fees | 51000 | 3 | Welfare Expenses | 58840 |
| 4 | Poor Fund | 67700 | 4 | Repairs & Maintenance | 25888 |
| 5 | General Receipts | 13315 | 5 | General Expenses | 543 |
| 6 | Salary Recoveries | 35000 | 6 | Mission & Evangelism | 14500 |
| | (Pastors & Staff) | | 7 | Capital Work | 4750 |
| 7 | Fund to be Transferred | 16214 | 8 | Transfer of Contribution | 175470 |
| 8 | Other Receipts | 8150 | 9 | Closing Balance | 579173 |
| | **Total** | **1068263** | | **Total** | **1068263** |

sd/-
**Adv. Sarjine Thomas**
Accountant

## SECRETARY'S REPORT



Dearly beloved in Christ,

We normally make tall claims. I have written a book; I am a clever manager and administrator, I am a talented artist; I am independently wealthy; I have achieved fame and fortune. Without the gifts of intelligence, imagination, personality and physical energy - which are all endowed by God - where would I be ? A question to be asked by each one of us.

In God's economy, emptying comes before filling, confession before forgiveness, and poverty before riches.

We came out of nothing; and if we are anything, it is because God is everything. If He were to withhold His power for one brief instant from us, if He were to hold in check the breath of life for one moment, our physical existence would shrivel into nothingness and our souls would be whisked away into an endless eternity. During this month, we are remembering our departed ones and thanking God for their life of witness which was a blessing to us. We will be joining the children the world over, as we celebrate the World Sunday School Day on 03/11/2013.

The bygone month witnessed vibrant activities under our sub-organisations.

**Sunday School** conducted retreat for the afternoon session at Kanyakumari, Teachers' retreat at Thenmalai and Fancy Sale.

**JCF and BCL Union** held their joint retreat at Quilon. Young Family Fellowship conducted Bible Quiz and their first annual day celebrations. They have decided to sponsor a Missionary to N.India.

**SCF Day** was celebrated, held their anniversary and senior citizens above 75 years and couples who have completed 50 years of married life were honoured.

**CEYF** took a leading role in organizing Teenage Camp at Mannanthala, Trivandrum. All these activities were carried out under the guidance and patronage of our Pastors.

A review meeting of office-bearers of all sub-organisations were held to take a stock of our activities conducted and programmes ahead.

Sri. T. Jayakumar Alfred was designated as Secretary, MM Church Gospel Band for the triennium 2013-2016.

The following financial aids were sanctioned.

| | |
|---|---|
| **I. Educational Aid** | Amount (₹) |
| 1. Rev. R. Vijay das - Melariyode Church | 5000 |

| | | |
|---|---|---|
| | 2. V. K. Suremya - Extended Home (subject to conditions) | 2000 |
| **II.** | **Medical Aid** | |
| | 1. Sunitha D. Raj - Neyyattinkara CS I (2 installmens of Rs. 5000 each) | 10000 |
| | 2. C. Stephen - Aramada | 2000 |
| | 3. Remya Mol - Muchanoor Church | 5000 |
| | 4. Rev. Y. Retnaraj - Former Church worker, Kuravankonam | 10000 |
| | 5. Madhusoodanam , Kuthirakulam | 5000 |
| | 6. Sukumari, Kothalam Mission Field | 2000 |
| | 7. Mr. Allan Saju, Kothalam field worker | 5000 |
| **III.** | **Marriage Aid** | |
| | 1. Lilly Bai - Kakkamoola, Kalliyoor | 5000 |
| | 2. R. Jaya Sree - Chuzhattukottaha | 2000 |
| | 3. Sumangala - Oottukuzhi | 10000 |
| | 4. K. Yasodha - Punnakulam | 3000 |
| | 5. Nesamony - Eruthavoor | 2000 |
| | 6. K. Vineetha - Vanganoor | 3000 |
| | 7. Shani, Nellivila | 2000 |
| **IV.** | **House Manitenance Help** | |
| | 1. Thankamma - Kuravankonam ( Advance 25000 ) (to raise funds through announcement in Church ) | 25000 |

During the current month, **Remembrance Day** will be celebrated on Sunday, 3rd November, 2013. **Church General Body** is fixed to be held on Sunday, 10th November, 2013 and the main agenda is Budget for 2013-2014. The Pay Revision for Church staff is getting finalized and the guidelines for Young Family Fellowship is also being worked out. We have placed a request with CSI Thumbaikonam for purchase of 25 cents of land for burial ground. The funds raised from **Harvest Festival 2013** is earmarked for purchase of land at Kothalam Mission field. A missionary working in one of the Diocesan mission fields in North India will be sponsored during our Church Day 2013.

The following are the conveners for the Christmas related programmes:

1. **Harvest Festival** : Mr. Premdas Justus(Convenor), Binu Johson, Jaichand Johnson(Joint Convenors) & Adv. Sarjine Thomas (Accountant)
2. **Church Day Feast** : Rev. Sunin Spenzer, M/s Zeam Enock, Y. Christudas, K. Hudson, Regiee David
3. **Poor clothing & X'mas Kit** : Mrs.Charlet Bai Robert Singh & Mrs. Pusha Madan
4. **Felicitation** : Mr. R. Sajan Samson & Dr. Manju Renjit
5. **Combined Christmas Celebration**: Mr. Rajesh Kumar Praseedom,

Mrs. Anitha Pradeep (SS), Stanly Wilson, Premchand Johnson (Choir), Mrs. Salima Ben (WF)

6. **Manger, Christmas Tree & Star Competition** : M/s Jyothi Sathyanes, J. Albert & Regiee David
7. **Illumination** : Mr. Kripal Das, Mr. Sam Moses, Dr. Churchin Ben, Dr. Arthur Jacob & Ajith Sen
8. **Church Decoration** : CEYF members & Er. Joshi Das Y.S
9. **Carol Rounds** : Mr. T. Jayakumar Alfred & Er. Joshi Das Y.S

**Obituary:** Mr. G. Stanly (87) passed away on 28/09/2013, Mrs. Saleena VH, (dependant of Mr. Stalin M -F.No.1740) passed away on 01/10/2013 and Mrs. Kannamma (85 years), mother of Mr. Asok (F. No.1250) slept in the Lord on 20/10/2013. Let us uphold the family members in our continued prayers.

Yours in His Service,

**Christenson E. Sarasam**
Church Secretary



# പ്രതിവാര ധ്യാനം

**നവംബർ 2013**

നവംബർ 3, 2013 അഖിലലോക സണ്ടേസ്കൂൾ ദിനം

വിഷയം: **സഭയിലെ ശിശുക്കൾ**

1 ശമു. 3:1–21, സങ്കീ. 8/127, എഫെ. 6:1–4, മർക്കൊ. 10:13–16

നവംബർ 10, 2013 ഐക്യ ഞായർ

വിഷയം: **ഒരിടയനും ഒരാട്ടിൻകൂട്ടവും**

യെഹെ. 37:15–23, സങ്കീ. 22, 1 കൊരി. 12:12–27, യോഹ. 10:7–18

നവംബർ 17, 2013 പെൺകുട്ടികളുടെ ഞായർ

വിഷയം: **പെൺകുട്ടികളോടുള്ള പ്രതിബദ്ധത**

2 രാജാ.5:1–15, സങ്കീ. 115, എബ്രാ. 5:1–10, മത്താ. 15:21–28

നവംബർ 24, 2013 നാലാം ഞായർ

വിഷയം: **വിലയിരുത്തലും നന്ദിയർപ്പണ ശുശ്രൂഷയും മദ്ധ്യസ്ഥത**

യിരെ. 29:1–7, സങ്കീ. 85, 1 തിമൊ. 2:1–7, മത്താ. 5:43–48

# The Church and the Sunday School Movement

**V.B. Mathews,** Child Evangelism Fellowship, Singapore

In his article entitled, "A Good Man's Miracle" Nathaniel Hawthorne says "the true faculty of doing good consists not in wealth nor station, but in the energy and wisdom of a loving heart, that can sympathize with all mankind, and acknowledges a brother or a sister in every unfortunate man or woman, and an own child in each neglected orphan". He continues: "Such a heart was that of Mr. Raikes; and God now rewarded him with a blessed opportunity of conferring more benefit on his race, than he, in his humility, had ever dreamed of." Nathaniel is just trying to explain how God used this simple man called Robert Raikes to begin a great movement that has spread around the whole world and still growing. It's about the Sunday School movement!

Sunday schools were first set up in the 1780s to provide education to working children on their one day off from the factory. It was founded by Robert Raikes, editor of the Gloucester Journal who proposed in an article in his Journal and supported by many clergymen. It aimed basically to teach the youngsters reading and writing. He saw the need to prevent children in the slums descending into crime. In 1781, Raikes saw the plight of children living in the Gloucester slums, he opened the first school on Sunday, the only day of rest for these boys and girls. He saw schooling as the best intervention. Using the Bible as their textbook, he taught them to read and write. He very well knew the power of God's Word and it did change the lives of children tremendously. Within four years over 250,000 children were attending schools on Sunday throughout England. The Sunday School movement was cross-denominational. In the early days, adults would also attend the same classes as the infants, as each were instructed in basic reading.

Over the years the role of the Sunday Schools changed with the Education Act in UK and did go through changes. In the 1920s, they promoted sports. Social centres emerged hosting amateur dramatics and concert parties. But, Sunday School became the generic name for many different types of religious education pursued on Sundays by various denominations.

The American Sunday School system was first begun by Samuel Slater in his textile mills in Pawtucket, Rhode Island, in the 1790s.

**Today many different expressions of Sunday schools exist. They range from traditional methods of teaching, using small groups; Bible based teaching, familiar songs etc. to the more contemporary. Sunday school is often part of a larger Christian Formation programme in many churches.**

In 1986 a new kind of Sunday school called **Sidewalk Sunday School** by Metro Ministries and it is claimed as the world's largest Sunday School weekly reaching over 21,000 children in New York City and an additional 22,000 in the Philippines, Africa and Romania. Each Saturday there are Sunday School services and they use school buses to pick up the children at their homes. Weekdays, special trucks provide a mobile stage at hundreds of locations. The Metro staff and trained volunteers visit the families of the children every week at their homes. For the children who live too far to go to the Sunday School services, they have wandering trucks that stop in areas of the city and where from they produce Sidewalk Sunday School. With little delivery trucks that can be converted to stages, project areas and parks are being served Sunday school programs. Metro Ministries is now in many major cities in the US and has branches in other countries as well.

Even there are **Postal Sunday schools** that conduct religious education via correspondence for children in sparsely populated areas.

We are ever grateful to God for people like Robert Raikes whom God raised up and used to initiate this great ministry. Even today, God is still using so many people around the world to cater to the spiritual needs of children in the local Churches. This movement is still going through changes as people see the need for it. However, it is a great ministry with conscious efforts to ' train up a child in the way he should walk' so that 'he will not depart from it even when he is old'. When it is done with such a conviction based on God's Word, it will not lack God's blessings. **We are grateful that over the years, God has been using MM Church to be part of this great movement of teaching our young generation the Word of God. Thanks be to God for those have faithfully served in the past and those who are still serving in the Sunday School.**

Every year, the World Sunday School Day is celebrated in the month of November with various activities making it a very colourful event. It is an important occasion to examine our part, as to how faithfully and effectively each one of us have fulfilled our God-given responsibility through the Sunday School ministry, in helping our children to know the Lord intimately and grow in His grace and Knowledge.

As a Church, I personally believe that all the members have a role to play, being part of this great ministry. The most important thing each one can do is not to teach but to pray. Not the routine prayer we pray on every Sunday; but interceding for the children, teachers and all others who are directly or indirectly involved in the Sunday School ministry of the Church. It would encourage the children if parents would take a little time to discuss with their children about what they have learnt each week in Sunday School. Taking every effort to send

them to Sunday school on a regular basis will always contribute to their spiritual growth. It always encourages my heart to see parents taking extra pain to see to it that their children attend Sunday School without fail. I see them waiting for the children patiently until they finish the Sunday school. At the same time I have also seen parents who become a stumbling block to their own children excusing themselves saying ‘ they are busy with their school work’ thus depriving them of their ‘right’ to know and learn about God. That is very unfortunate.

The vision Robert Rakes shared with the Christian world is still growing. Is it not a proof that when the humblest person acts in the simplicity of a pure heart, and with no design but to do good, God may be expected to take the matter into His all-powerful hands and adopt the action as His own? As we continue to thank God for this man and his efforts to build up Sunday School ministry, let us also rededicate ourselves to do our part sincerely and faithfully to help our children so that they will be deeply rooted in the Word of God as they attend the Sunday school week after week. Then as a Church and as individuals, we can be rest assured that we are also part of building up a future generation that knows and fears God! What a blessing that would be!

May God help us that the World Sunday School Day will not be just a yearly celebration; but a meaningful time for all to acknowledge and rejoice in the Lord for His unchanging love and faithfulness!

e-mail: vbmathews@email.com

## Church Day -2013

ഈ വർഷത്തെ സഭാദിനത്തോടനുബന്ധിച്ച് സാമൂഹിക-ഔദ്യോഗിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും ബോർഡ്/സർവ്വകലാശാലാ പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും ആദരിക്കുന്നു. ഇതിന് അർഹരായ സഭാംഗങ്ങൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നവംബർ മാസം 10-ാം തീയതിക്കു മുമ്പായി ചർച്ച് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ പുറകിൽ കുടുംബ നമ്പർ, മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

കൺവീനർ

## Correct answers of Bible Quiz

given on October from Gospel according to Mark

1. Herodias 6:17
2. Seven loaves 8:5
3. Bartimaus 10:46
4. Rabbi 14:45
5. Elijah 9:12
6. Third hour 15:25
7. Abiathar 2:26
8. Sons of thunder 3:17
9. Be the slave of all 10:44
10. Simon of Cyrene 15.

Name of people who submitted the correct answers along with references

1. Dr. Asha Fenn 2. Grace Ammal V. 3. P. R. Prema Kumar

# സഭയിലെ കുഞ്ഞുങ്ങൾ

റവ. ഡോ. ഡി. ബർണബാസ്

കുഞ്ഞുങ്ങൾ കൂട്ടുകൂടാൻ കൊള്ളാവുന്നവരാണ്. അവർ നിഷ്ക്കളങ്കരാണെന്നതാണ് ഇതിന് കാരണം. ദൈവരാജ്യത്തിന്റെ മൂല്യം ഇവരിൽ പ്രകടമാണ്. ഈ മൂല്യത്തിന്റെ പ്രത്യക്ഷ സ്വഭാമാണ് നിഷ്ക്കളങ്കത. സഭാമക്കളിൽ ദൈവരാജ്യമൂല്യം കാണുമ്പോഴാണ് കുഞ്ഞുങ്ങൾ സഭയിൽ എന്ന ആശയം കൂടുതൽ പ്രായോഗികമാകുന്നത്. ദൈവരാജ്യദർശനത്തോടെ കുഞ്ഞുങ്ങളെ പരിപാലിക്കേണ്ടത് സഭയുടെ കടമയാണ്.

1. **ദൈവശബ്ദം തിരിച്ചറിയാൻ കുഞ്ഞുങ്ങളെ സഹായിക്കണം (1 ശമു. 3:1-21)**

ശമൂവേൽ ബാലനെ യഹോവ വിളിക്കുന്നതാണ് പശ്ചാത്തലം. ഈജിപ്റ്റിൽവെച്ച് ആദ്യജാതന്മാർ വിളിക്കപ്പെട്ടതിനെ ഓർത്തുകൊണ്ട് ആദ്യജാതന്മാരെ ദൈവത്തിന് വേണ്ടി പ്രതിഷ്ഠിക്കുന്ന ഇസ്രായേലിന്റെ ആചാരപ്രകാരം പൗരോഹിത്യശുശ്രൂഷയ്ക്കായി തന്റെ മാതാവിനായി ശമൂവേൽ പ്രതിഷ്ഠിക്കപ്പെട്ടതാണ് (പുറ. 13:2-15). ഏലിയുടെ ശബ്ദമായി ശമൂവേൽ തെറ്റിദ്ധരിച്ച ശബ്ദം ഒരു പ്രവാചകനായിരുന്നതിന് ദൈവത്തിൽനിന്ന് നേരിട്ടുള്ള വിളി അദ്ദേഹത്തിന് ലഭിച്ചതായി കാണിക്കുന്നു. പ്രവാചക ശുശ്രൂഷയുടെ ഒരു പുതിയ യുഗത്തിന്റെ നാന്ദിയായിത്തീർന്ന ഈ അനുഭവം മോശയ്ക്ക് മുൾപ്പടർപ്പിൽവെച്ചുണ്ടായ അനുഭവമായും യെശയ്യാവിനും യിരെമ്യാവിനും യെഹെയ്ക്യലിനുമുണ്ടായ ദർശനങ്ങളുമായും തുലനം ചെയ്യാവുന്നതാണ്. ശമൂവേൽ ദൈവശബ്ദം കേട്ടതിനുശേഷം പഴയതുപോലെ ആയിരുന്നില്ല.

യഹോവയുടെ മന്ദിരത്തിൽക്കിടന്ന് ഉറങ്ങുകയായിരുന്ന ശമൂവേലിനെ യഹോവ വിളിച്ചു. ഏലിയായിരിക്കും വിളിച്ചതെന്ന് ചിന്തിച്ച് ശമൂവേൽ ഏലിയോട് ഇതാ എന്നെ വിളിച്ചുവല്ലോ എന്ന് പറഞ്ഞു. ഏലിയുടെ മറുപടി ശ്രദ്ധേയമാണ്. ഞാൻ വിളിച്ചില്ല. പോയിക്കിടന്ന് കൊൾക. രണ്ടാം പ്രാവശ്യം ഏലി ശമൂവേലിനോട് ഞാൻ വിളിച്ചില്ല മകനെ, പോയിക്കിടന്നുകൊൾക എന്നുപറഞ്ഞു. 'മകനെ' എന്ന സംബോധന അടുപ്പത്തിന്റെയും ആശ്വാസത്തിന്റെയും ശബ്ദമാണ്. ദൈവമാണ് ബാലനെ വിളിച്ചത് എന്ന ബോധ്യത്തിൽ ഇനി വിളിച്ചാൽ 'യഹോവ അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു എന്ന് പറഞ്ഞുകൊള്ളേണം എന്നുപറഞ്ഞു' (വാ. 9). അന്നുവരെ യഹോവയുടെ വചനം അറിയുകയോ വെളിപ്പെട്ടുകിട്ടുകയോ ചെയ്യാതിരുന്ന ബാലന് ഇതൊരു പുത്തൻ അനുഭവമായിരുന്നു. പിന്നെ, യഹോവ വന്നുനിന്ന് മുമ്പിലത്തെപ്പോലെ ശമൂവേലിനെ

പേർചൊല്ലി വിളിച്ചു. ശമൂവേൽ അരുളിചെയ്യേണമേ അടിൻ കേൾക്കുന്നു എന്ന് പറഞ്ഞു. ദൈവശബ്ദം തിരിച്ചറിയാൻ കഴിയാതിരിക്കുന്ന കുഞ്ഞുങ്ങൾക്ക് (ആത്മീയ ദാരിദ്ര്യമുള്ളവർ, ദൈവത്തെക്കുറിച്ചുള്ള അജ്ഞതയുള്ളവർ) ദൈവശബ്ദം കേൾക്കുന്നതിനും തിരിച്ചറിയുന്നതിനുള്ള സഹായം ചെയ്യുകയാണ് നമ്മുടെ പ്രധാന ദൗത്യം. ഏലിയുടെ ഭവനത്തെക്കുറിച്ചും പുത്രന്മാരെക്കുറിച്ചുമുള്ള ദൈവത്തിന്റെ അരുളപ്പാടെല്ലാം ശമൂവേൽ ഏലിയെ അറിയിച്ചു. എണ്ണപ്പെട്ട പ്രവാചകനായി മാറുന്ന ശമൂവേലിനെ ഇസ്രായേൽ അംഗീകരിക്കുന്നു. ന്യായാധിപതി, പുരോഹിതൻ, പ്രവാചകൻ, എന്നീ നിലകളിൽ ശമൂവേലിന്റെ പ്രവർത്തനം ആരംഭിക്കുന്നു. ഇന്നത്തെ നമ്മുടെ പ്രധാന ശുശ്രൂഷ ദൈവവിളി തിരിച്ചറിയുന്നതിനും അതിനെ അനുസരിക്കുന്നതിനും കുഞ്ഞുങ്ങളെ സഹായിക്കുകയും പരിപോഷിപ്പിക്കുകയുമാണ്. ഇതിന് ദൈവാശ്രയം കൂടിയേതീരൂ.

**2. യേശു അംഗീകരിച്ച പോലെ കുഞ്ഞുങ്ങളെ അംഗീകരിക്കണം (മർക്കൊ. 10:13–16)**

യേശു കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്നു. ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നവരോടുള്ള ശിഷ്യന്മാരുടെ പെരുമാറ്റം ക്രൂരതയിൽ നിന്നല്ല, ഗുരുവിന് സ്വൈര്യം കൊടുക്കാൻ ഉദ്ദേശിച്ചായിരുന്നു. ശിശുവിന്റെ ആശ്രയമനോഭാവമാണ് യേശു ഇവിടെ വ്യക്തമാക്കുന്നത്. ദൈവത്തോടുള്ള ആശ്രയമനോഭാവം സഭയിലെ കുഞ്ഞുങ്ങൾക്കുമാവശ്യമാണ്. ദൈവഹിതപ്രകാരം സ്വയം സമർപ്പിക്കുന്നവരാണ് ദൈവരാജ്യത്തിലെ അംഗങ്ങൾ. യേശുവിന്റെ പ്രതികരണത്തിന്റെ സന്ദേശം ശിഷ്യന്മാരെക്കാൾ കുഞ്ഞുങ്ങളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നവർ ഗ്രഹിച്ചേക്കാം. യേശു ശിഷ്യന്മാരെ ശാസിച്ചതിന്റെ രഹസ്യം പലതാണ്. യേശു പറഞ്ഞു: 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.' (വാ. 14) കാരണം കുഞ്ഞുങ്ങൾക്ക് ദൈവത്തെ 'അബ്ബാ' എന്ന് വിളിക്കുന്നതിനുള്ള ധൈര്യവും, സംരക്ഷണബോധവും, അതിരില്ലാത്ത സ്നേഹവും ഉണ്ട്. മുതിർന്നവർ മിക്കവാറും തങ്ങളുടെ ശക്തിയിൽ ആശ്രയിച്ചേക്കാം. ഇത് ഓരോരുത്തരുടെയും ദൈവത്തോടുള്ള മനോഭാവവും ആശ്രയബോധവുമാണ് കാണിക്കുന്നത്. ദൈവരാജ്യത്തെ ശിശുവിനെപ്പോലെ കൈക്കൊള്ളണമെന്ന യേശുവിന്റെ സന്ദേശം ശ്രദ്ധേയമാണ്. ഇതുപറഞ്ഞിട്ട് യേശു ശിശുക്കളെ അണച്ചു **(act of acceptance)**, അവരുടെ മേൽ കൈവെച്ചു **(act of consolation)**, അനുഗ്രഹിച്ചു **(act of God's presence and blessing)**.

ചിലപ്പോഴൊക്കെ നാം കുഞ്ഞുങ്ങളുടെ ആത്മീയ പരിപോഷണത്തെക്കാൾ മറ്റുകാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ശിശുക്കളെ സാധാരണ വിശ്വാസികൾ എന്ന രീതിയിലും പറഞ്ഞിട്ടുണ്ട്. അതായത് സാധാരണ ജനത്തെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നതിൽ നാം അതീവ

ശ്രദ്ധയുള്ളവരാകണമെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയും ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് കുഞ്ഞുങ്ങളെ അംഗീകരിക്കുകയും ആശ്വസിപ്പിക്കുകയും ദൈവരാജ്യം ഉറപ്പുവരുത്തുകയും ചെയ്യണം.

നാം ക്രിസ്തുവിന്റെ പ്രതിനിധികളാണെന്ന ബോധ്യം ഉണ്ടാകുമ്പോൾ ദൈവരാജ്യ അനുഭവത്തിൽ കുഞ്ഞുങ്ങൾക്ക് വഴികാട്ടികളാകുന്നതിന് കഴിയും. സഭ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ ഈ കാലഘട്ടത്തിൽ സംഗതമാണോ എന്ന് തിരിച്ചറിഞ്ഞ് ദൈവരാജ്യ ദർശനത്തോടും ദൈവാശ്രയത്തോടും ദൗത്യം നിർവ്വഹിച്ചാൽ ഒരുപരിധിവരെ അതർഹിക്കുന്നവർക്ക് ഗുണകരമായിത്തീരും.

The aim of this Bible Quiz is to promote reading of the Bible. THE GOSPEL ACCORDING TO LUKE (NIV) from which this month's questions are selected gives a historical biography of Jesus. Luke who was a gentile and doctor by profession was also a keen historian, this leads to the events described in this particular gospel to be corroborated by other historical events happening at the same time which can be traced through the accounts other historians too. So kindly read through the 24 chapters before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. How many times did Pilate tell others that Jesus is not guilty?
2. Who was healed by Elisha the prophet?
3. Who told Jesus "Lord; I am a sinful man"?
4. Who came from the ends of the earth to listen to Solomon's wisdom?
5. What do the people say when the south wind blows?
6. Lysanias was the tetrarch of which place?
7. Who did Luke write this gospel to?
8. What was the profession of Zacchaeus?
9. What were people doing in the days of Lot?
10. What do the Pharisees neglect after giving a tenth of their mint, rue and all other kinds of garden herbs to God?

# സണ്ടേസ്കൂൾ – നന്മയുടെ വഴികാട്ടി

**ഡോ. ശാന്താ യേശുദാസ്**
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

നവംബർ മാസത്തെ കുട്ടികളുടെ മാസമായി നമ്മുടെ സഭയും, രാഷ്ട്രവും ആചരിക്കാറുണ്ട്. നവംബർ മാസം ഒന്നാമത്തെ ഞായർ അഖിലലോക സണ്ടേസ്കൂൾ ദിനമായതിനാൽ ആ ദിവസത്തിൽ സഭയുടെ ആരാധനകളിൽ കുട്ടികൾ നേതൃത്വം നൽകുന്നു. നവംബർ മാസം 14-ാം തീയതി ശിശുദിനമായി ആഘോഷിക്കുന്നു.

ഒരു രാഷ്ട്രത്തിന്റെ നിർമ്മിതിയിൽ മുഖ്യപങ്ക് വഹിക്കേണ്ടവർ കുട്ടികളാണ്. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ പൗരന്മാരും രാഷ്ട്രശിൽപ്പികളും. അതിനാൽ കുട്ടികൾ ഒരു രാഷ്ട്രത്തിന്റെ സമ്പത്താണ്: നവഭാരതം രൂപം കൊള്ളുന്നത് ക്ലാസ്സ്മുറികൾക്കുള്ളിലാണ്. പാഠപുസ്തകങ്ങളിലൂടെ വിദ്യാർത്ഥികൾ നേടിയെടുക്കുന്ന അറിവുകളോടൊപ്പം പരിസ്ഥിതി സംരക്ഷണം, ആരോഗ്യ ബോധവൽക്കരണം, സാമൂഹികവൽക്കരണം എന്നിങ്ങനെ പലമേഖലകളിൽ ആഴമായ അറിവും അവർ സ്കൂൾപഠന കാലത്ത് നേടിയെടുക്കുന്നുണ്ട്. സാമൂഹികവിപത്തുകൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിക്കുന്നതിനുള്ള കഴിവും ഒരുപരിധി വരെ അവർ ഇക്കാലത്ത് സ്വന്തമാക്കുന്നു. അങ്ങനെ ഒരു കുട്ടിയുടെ വ്യക്തിത്വത്തിന്റെ സർവ്വോന്മുഖമായ വളർച്ച വിദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്നുണ്ട്.

### നന്മയുടെ വഴി കാട്ടുന്ന സണ്ടേസ്കൂൾ

റോഡുകളിലൂടെ അനുദിനം യാത്രചെയ്യുന്നവരാണ് നാം. തീവണ്ടിയിലും കപ്പലിലും വിമാനത്തിലും യാത്രചെയ്യുന്നവരും നമ്മുടെ ഇടയിൽ കുറവല്ല. യാത്രകൾക്കിടയിൽ റോഡുകളുടെ വശങ്ങളിലും റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, തുറമുഖം എന്നിവിടങ്ങളിലും നാം യാത്ര ചെയ്യുന്ന പാതകളുടെ പലഭാഗങ്ങളിലും പലതരം സിഗ്നൽ ബോർഡുകൾ നാം കാണുന്നുണ്ട്. അർദ്ധരാത്രിയിൽപ്പോലും കാണത്തക്കവിധത്തിൽ ഇവയിൽ പലതും നല്ല റിഫ്ളക്ഷൻ ഉള്ളവയാണ്. യാത്രക്കാരുടെ സുരക്ഷയ്ക്കായി വാഹനം ഓടിക്കുന്നവർ ശ്രദ്ധിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നവയാണ് ഈ ബോർഡുകൾ. ഇവ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് സൂക്ഷ്മതയോടെ ഓടിക്കുന്ന വാഹനങ്ങളിലെ യാത്രക്കാർക്ക് സുരക്ഷിതരായി ലക്ഷ്യസ്ഥാനത്ത് ചെന്നെത്താൻ കഴിയും. ഇതുപോലെ, ജീവിതമാകുന്ന യാത്രയിൽ സൂക്ഷമതയോടെ മുന്നേറുന്നതിൽ കുട്ടികളെ സഹായിക്കുന്ന വഴികാട്ടിയായ തിരുവചനം ചെറുപ്പം മുതൽ കാലിന് ദീപവും

പാതയ്ക്ക് പ്രകാശവുമായി (സങ്കീ. 119:105) സ്വീകരിച്ചാൽ ജീവിതപാതയിൽ കാലിടറാതെ ഔന്നത്യങ്ങൾ കൈയ്യടക്കുന്നതിന് ഈ തിരുവചനപാഠങ്ങൾ കുഞ്ഞുങ്ങളെ വളരെയേറെ സഹായിക്കും. ഇവിടെയാണ് ദൈവവിശ്വാസം മുറുകെപ്പിടിച്ച് ഈ മത്സരങ്ങളുടെ യുഗത്തിലും ബാല്യംമുതൽ ഉത്തമപൗര ന്മാരായി കുട്ടികൾ വളർന്നുവരുന്നതിന് ആവശ്യമായ ദിശാബോധം നൽകുന്ന സണ്ടേസ്കൂളിന്റെ പ്രസക്തി.

**സണ്ടേസ്കൂൾ എന്ന പ്രസ്ഥാനത്തിന്റെ ചരിത്രം**

ഒരു വൈദികനോ, ബിഷപ്പോ, സഭാ സിനഡോ ആരംഭിച്ച പ്രസ്ഥാനമല്ല സണ്ടേസ്കൂൾ. 1780 ജൂലൈ മാസമായിരുന്നു ഗ്ലൗസ്റ്റർ എന്ന പട്ടണത്തിൽ സണ്ടേസ്കൂൾ ആരംഭിച്ചത്. 1784-ൽ ഇതു സമീപപ്രദേശങ്ങളിലെല്ലാം പടർന്നു പന്തലിച്ചതായി റോബർട്ട് റെയിക്സ് എഴുതിയ ചരിത്രപുസ്തകത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. ബൈബിൾ കഥകൾ, ക്രിസ്തീയ ഗാനങ്ങൾ എന്നിവ മാത്ര മല്ല കുട്ടികൾ സണ്ടേസ്കൂൾ പഠനത്തിലൂടെ പഠിക്കുന്നത്: സഹജീവികളുടെ നന്മയ്ക്കും നിലനിൽപ്പിനും നാം നിറവേറ്റേണ്ട ചുമതലകൾ മനസ്സിലാക്കി അവയെ നിറവേറ്റുന്നതിനും നാളെയുടെ വെല്ലുവിളികളെ അതിജീവിച്ച് ഉത്ത മപൗരന്മാരായി വളർന്നുവരുന്നതിനും ബാല്യംമുതലുള്ള സണ്ടേസ്കൂൾ പഠനം കുട്ടികളെ പ്രാപ്തരാക്കുന്നു. അതായത്, സർവ്വശക്തനായ ദൈവത്തോട് പ്രതി ബദ്ധതയോടെ ക്രിസ്തുവാകുന്ന തലയോളം വളരാൻ കുട്ടികളെ സഹായി ക്കുന്ന പരിശീലന കളരിയാണ് സണ്ടേസ്കൂൾ.

**സണ്ടേസ്കൂൾ പഠനത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ**

1. ജീവനും ചൈതന്യവും ഉള്ളവയായ തിരുവചനസത്യങ്ങൾ അഭ്യസിച്ച് വളർന്നു വരുന്ന കുട്ടികൾ ശൈശവം, ബാല്യം, കൗമാരം എന്നീ അവ സ്ഥകൾ പിന്നിട്ട് യൗവ്വനത്തിൽ കുടുംബസ്ഥരായാലും വാർദ്ധക്യത്തി ലെത്തിയാലും **നേരായവഴി വിട്ടുമാറി ജീവിക്കുകയില്ല.**
2. ക്രിസ്തീയ കുടുംബങ്ങളുടെ മുഖമുദ്രയായ **കുടുംബപ്രാർത്ഥന ഇവ രുടെ കുടുംബങ്ങളിൽ ജീവിതാവസാനംവരെ തുടരും.**
3. പ്രാർത്ഥനാ ജീവിതത്തിലൂടെ **മാനസികസംഘർഷങ്ങൾ തരണം ചെയ്ത് അവർ സന്തുഷ്ടരായി ജീവിക്കും.**
4. ജീവിതമൂല്യങ്ങൾ പകരുന്ന വേദവായനയിലൂടെയും സ്വർണ്ണവാക്യങ്ങൾ മന:പ്പാഠമാക്കുന്നതിലൂടെയും **അർത്ഥവത്തായ വ്യക്തിത്വവികസനം ഇവരിൽ സാദ്ധ്യമാകുന്നു.**

**മക്കൾ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെ പ്രകാശിക്കട്ടെ**

മാതൃത്വവും പിതൃത്വവും സുഖകരമായ അനുഭവങ്ങളായിത്തീരണമെ ങ്കിൽ മക്കൾ മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് വളർന്നുവരണം.

*(ശേഷം 18-ാം പേജിൽ ....)*

# സഭയിലെ ശിശുക്കൾ

സെറാഗിൽ ഓസ്റ്റിൻ പ്രിൻസ്

ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിനും ആത്മീയ ജീവിത നിർമ്മിതിക്കും ഭാസുരഭാവി കെട്ടിപ്പടുക്കുന്നതിനും അടിസ്ഥാന ശിൽപ്പമാകുന്ന സമയമാണ് ബാല്യകാലം. ഈ ഘട്ടത്തിൽ ദൈവവചനം കുട്ടികൾക്ക് പോഷകാഹാരമായി നൽകേണ്ടതാണെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. **എങ്ങനെയാണ് ദൈവത്തിന്റെ വചനം നമ്മുടെ വഴികളെ നിർമ്മലമാക്കുന്നത്?**

സങ്കീർത്തനപുസ്തകം ആരംഭിക്കുന്നതു തന്നെ "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" എന്നാണ്. അതിനാൽ 3 കാര്യങ്ങൾ നമുക്ക് ആവശ്യമാണ്.

1. **ദൈവവചനത്തോട് ഇഷ്ടം തോന്നണം**

ഈ യുഗത്തെ സൈബർയുഗം എന്നാണ് വിശേഷിപ്പിക്കുന്നത്. അതു കൊണ്ട് നമുക്ക് ഇഷ്ടമുള്ളതെന്തും ഇന്റർനെറ്റ് വഴി ലഭിക്കും. തിരുവചനവും ലഭിക്കും. എന്നാൽ മറ്റെന്തിനെക്കാളും ദൈവവചനം കേൾക്കാനും ആസ്വദിക്കാനുമുള്ള താൽപ്പര്യം നമുക്ക് കാണണം. നിർഭാഗ്യവശാൽ തിരുവചനത്തെക്കാൾ മറ്റുള്ളവയ്ക്കാണ് നാമിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നത്.

വെർജിൻ എന്ന യൂറോപ്പ്യൻ ചിന്തകൻ അഭിപ്രായപ്പെടുന്നതു പോലെ "എല്ലാ മനുഷ്യരേയും ആഗ്രഹങ്ങളാണ് നയിക്കുന്നത്". അതു കൊണ്ട് ദൈവവചനം കേൾക്കണം, മനസ്സിലാക്കണം എന്ന ആഗ്രഹം നാം വളർത്തിയെടുക്കണം.

"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടു കൂടി നിങ്ങൾക്ക് സർവ്വവും ലഭിക്കും" എന്നാണല്ലോ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്.

ദൈവത്തെ നാം സ്നേഹിച്ചാൽ ദൈവം തന്റെ വചനത്തിൽ കൂടി നമ്മെയും സ്നേഹിക്കും. ദൈവത്തെ നാം സ്നേഹിച്ചാൽ മാത്രമേ നമുക്ക് സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ കഴിയുകയുള്ളൂ, നിത്യജീവനെ അവകാശമാക്കുവാൻ കഴിയുകയുള്ളൂ.

2. **നമ്മുടെ നടപ്പിനെ നിർമ്മലമാക്കുക**

അതായത്, ദൈവത്തിൽ ജീവിക്കുക.

വചനം ജഡമായിത്തീർന്നതാണ് ക്രിസ്തു. അതായത്, ക്രിസ്തുവിൽ ജീവിക്കുകയെന്നോ ക്രിസ്തുവിനോടൊത്തു ജീവിക്കുകയെന്നോ ക്രിസ്തുവിൽ വസിക്കുകയെന്നോ വ്യാഖ്യാനിക്കാം. ഓരോ നിമിഷവും വചനത്തിനു വിപരീത ദിശയിൽ സഞ്ചരിക്കുവാനുള്ള പ്രേരണ ചുറ്റുപാടുകൾ നമുക്ക് നൽകിക്കൊണ്ടേയിരിക്കും. എന്നാൽ, ദൈവവചനത്തിൽ ജീവിക്കുന്നവരെ നയിക്കുന്നത് ക്രിസ്തുവായിരിക്കും. ക്രിസ്തുവിന്റെ വഴി തന്നെയായിരിക്കും ക്രിസ്തുവിനെ അനുസരിക്കുന്നവരുടെ വഴിയും.

പരസ്യശുശ്രൂഷയുടെ ഒടുവിലത്തെ നാളുകളിൽ ശിഷ്യൻമാർ യേശുവിനോട് ചോദിച്ചു "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ?" യേശു ഒരു ശിശുവിനെ വിളിച്ച് നടുവിൽ നിർത്തിയിട്ട് പ്രഖ്യാപിച്ചു: "നിങ്ങളും തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല".

ഒരിക്കൽ, ശിശുക്കളെ യേശുവിന്റെ അടുക്കൽ പ്രാർത്ഥിക്കുവാനായി കൊണ്ടു വന്നപ്പോൾ ശിഷ്യന്മാർ അവരെ തടഞ്ഞു. യേശു അവരോട് ഇങ്ങനെ പറഞ്ഞു "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ".

ശിശുക്കൾക്ക് വേദപുസ്തകം വലിയ സ്ഥാനം നൽകുന്നുണ്ട് എന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. പഴയ നിയമത്തിൽ 361 പ്രാവശ്യവും പുതിയ നിയമത്തിൽ 143 പ്രാവശ്യവും ശിശുക്കളെക്കുറിച്ച് പരാമർശിക്കപ്പെടുന്നു. ഒരു ശിശുവിനെ നടുവിൽ നിർത്തുന്നതോടെ ദൈവരാജ്യത്തിന്റെ കേന്ദ്രസ്ഥാനം ശിശുക്കൾക്കാണെന്ന് യേശു നമ്മെ ബോധ്യപ്പെടുത്തുന്നു.

അതിനാൽ നാം ദൈവത്തിന്റെ കൽപ്പനകൾ അനുസരിച്ച് ദൈവാരാധനയ്ക്ക് മുടക്കം വരാതെ ജീവിക്കുകയും ആരാധനയ്ക്കും സണ്ടേസ്കൂളിനും സഭയുടെ മറ്റുള്ള പ്രവർത്തനങ്ങളിലും ഭക്തിയോടെ പങ്കെടുക്കുകയും വേണം. ഇന്നു നമുക്ക് ഞായറാഴ്ചകളിൽ ഒരു ട്യൂഷൻ ഉണ്ടെങ്കിൽ ആരാധനയ്ക്ക് പങ്കെടുക്കാതെ ട്യൂഷനു പോകുന്ന പ്രവണതയാണ് കണ്ടു വരുന്നത്.

എഫെ 6-ാം അദ്ധ്യായത്തിൽ ഇപ്രകാരം പറയുന്നു "മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക".

അതിനാൽ, ദൈവം കൽപ്പിച്ചിരിക്കുന്നതു പോലെ മാതാപിതാക്കളെ അനുസരിക്കണം. അനുസരണം വിജയത്തിന്റെ മാതാവാണെന്ന് എക്സിലാസ് എന്ന ഗ്രീക്ക് ചിന്തകൻ അഭിപ്രായപ്പെടുന്നതു പോലെ കൽപ്പനകൾ പ്രമാണിക്കുന്നതിലൂടെ ജീവിതവിജയം കൈവരിക്കാൻ കഴിയുമെന്നുള്ളത് സംശയാതീതമാണ്.

### 3. ജാഗ്രതയുള്ളവരായിരിക്കുക

തിന്മയിലേയ്ക്ക് വഴുതി വീണ് പോകാതെ നമ്മുടെ കാലുകളെ സൂക്ഷിച്ചാൽ, നാളെ ദു:ഖിക്കേണ്ടി വരില്ല.

നന്മയിലൂടെയുള്ള യാത്ര ഒരു നൂൽപ്പാലത്തിലൂടെയുള്ള യാത്ര പോലെയാണ്. അൽപ്പം അശ്രദ്ധ നേരിട്ടാൽ, തിന്മയാകുന്ന ജലാശയത്തിലേയ്ക്ക് വീണു പോകും. അതുപോലെ തന്നെയാണ് ക്രിസ്തീയ വിശ്വാസത്തിലൂടെയുള്ള യാത്ര. ഓരോ നിമിഷവും ശ്രദ്ധയോടും ശുദ്ധിയോടും കൂടി വേണം യാത്ര ചെയ്യാൻ.

നിർമ്മലമായ ജീവിതത്തിന് അഥവാ മാലിന്യമുക്തമായ ജീവിതത്തിന് നമുക്കേൽക്കുന്ന ഓരോ അഴുക്കും നീക്കം ചെയ്യണം.

കുട്ടികൾ ശ്രദ്ധിക്കേണ്ടത്, നമ്മുടെ കൊച്ചു കാര്യസാധ്യത്തിനായി കൊച്ചു കൊച്ചു കള്ളങ്ങൾ പറഞ്ഞു രക്ഷപ്പെടുന്ന സ്വഭാവം നമുക്കുണ്ട്. ഉദാഹരണത്തിന്, ഹോംവർക്ക് ചെയ്യാത്തതിന്റെ കാരണം ടീച്ചർ ചോദിക്കുമ്പോൾ നാം പറയും സുഖമില്ലായിരുന്നുവെന്ന്. എന്നാൽ ശരിക്കും ടി.വി കണ്ടു കൊണ്ടിരുന്നു സമയം കളഞ്ഞതായിരിക്കും. ഇതുപോലെ എത്രയെത്ര കള്ളങ്ങൾ നാം പറഞ്ഞിരിക്കുന്നു?

ഇതെല്ലാം നമ്മുടെ വിശുദ്ധ ജീവിതത്തിന് കളങ്കമേൽക്കുന്ന വയാണ്. ഓരോ നിമിഷവും ശ്രദ്ധയോടും ജാഗ്രതയോടും കൂടി വേണം നാം പ്രവർത്തിക്കേണ്ടത്.

ദൈവവചനം തരുന്ന ഓരോ ഉപദേശവും അനുസരിച്ച് ജീവിച്ചാൽ ജീവിതം അനുഗ്രഹിക്കപ്പെടും. അതു കൊണ്ട് ദൈവവചനം വായിക്കാം, പഠിക്കാം, ധ്യാനിക്കാം.

***(2010-ലെ അഖിലലോക സണ്ടേസ്കൂൾ ദിനത്തിൽ സഭാരാധനയിൽ നൽകിയ സന്ദേശം)***

---

*(...11-ാം പേജിന്റെ തുടർച്ച)*

അണുകുടുംബങ്ങളുടെയും അതിവേഗ ജീവിതശൈലിയുടെയും ഇന്നത്തെ യുഗത്തിൽ മിന്നൽവേഗത്തിൽ മാറ്റങ്ങളുടെ കുപ്പായം അണിയുന്ന സൈബർയുഗത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നവരാണ് നാം. കുട്ടി കളുടെ മനസ്സിൽ ബാല്യകാലത്ത് മുദ്രണം ചെയ്യപ്പെടുന്ന കാര്യങ്ങളാണ് അവരുടെ ഭാവിയെ രൂപപ്പെടുത്തുന്നത്. അതിനാൽ നമ്മുടെ മക്കൾ സ്നേഹ ത്തിന്റെ ശുദ്ധവായു ശ്വസിച്ച് മാതാപിതാക്കളുടെ ആരോഗ്യകരമായ പരിച രണത്തിൻ കീഴിൽ കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമായ തിരുവചന ത്തിന്റെ വെളിച്ചത്തിൽ വളർന്നു മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെ പ്രകാശിക്കുന്നതിന് സണ്ടേസ്കൂൾ എന്ന നന്മയുടെ വഴികാട്ടി സഹായിക്കട്ടെ.

ചെറുകഥ

# ഞങ്ങൾ ക്ഷമിക്കുന്നതു പോലെ

പ്രകാശ് സത്യൻ

ഇന്ന് ഞാൻ റോഡ് ട്രെയിനിലാണ് സ്കൂളിൽ വന്നത്! രാജൻ ഗമയിൽ പ്രഖ്യാപിച്ചു.

പഠിത്തത്തിലോ കളികളിലോ രാജൻ ക്ലാസ്സിൽ ഒന്നാമനല്ല. നല്ല പൊക്കവും ഒത്ത വണ്ണവും ആവശ്യത്തിൽ അധികം തന്റേടവും ഉണ്ട്താനും. അപ്പോൾ പിന്നെ അവൻ ക്ലാസ്സിലെ ചട്ടമ്പി ആയതിൽ അത്ഭുതമുണ്ടോ?

'അതെന്ത് തരം ട്രെയിനാ?' ഷിബു അന്വേഷിച്ചു.

'നീ പോടാ... കപ്പയ്ക്കേ! നിനക്കെന്തറിയാം?' ഇതായിരുന്നു രാജന്റെ മറുപടി.

തന്റെ കൂട്ടുകാരനെ ഇരട്ടപ്പേരിട്ട് വിളിച്ചത് സലീമിന് ഇഷ്ടപ്പെട്ടില്ല. അവൻ പറഞ്ഞു: 'ഓ, അതിലെന്താ ഇത്ര പുതുമ? രണ്ട് ബസ്സുകളെ ഒരു ഷാഫ്റ്റ് കൊണ്ട് ഘടിപ്പിച്ചിരിക്കും. കണ്ടക്ടറന്മാർ രണ്ടുപേർ ഉണ്ടെങ്കിലും ഡ്രൈവർ ഒന്നേ കാണൂ. ഇതാരും കണ്ടിട്ടില്ലാത്തതാണോ?'

ആരുടേയും മുന്നിൽ കൊച്ചാകാൻ രാജന് വയ്യ. പുച്ഛരസത്തിൽ അവൻ തിരക്കി: ആണോ? എന്നാലേ... ഞാൻ വന്നത് മൂന്ന് ബസ്സുകൾ ചേർത്ത് ഘടിപ്പിച്ച റോഡ് ട്രെയിനിലാ!

പുളു!... പുളു! എന്ന് സലീം പറയേണ്ട താമസം, രാജൻ അവന്റെ ഷർട്ടിന് കടന്ന് പിടിച്ചു കഴിഞ്ഞു!

ഇത്രയുമായപ്പോൾ വായിച്ചുകൊണ്ടിരുന്ന കോമിക്കിൽ നിന്നും ബാലൻ തലയുയർത്തി.

രാജന്റെ അയൽക്കാരനാണ് ബാലൻ. പഠിത്തത്തിൽ ഒന്നാമൻ, ക്ലാസ്സിൽ ഒന്നാമൻ, കളികളിൽ ബഹുസമർത്ഥൻ, അദ്ധ്യാപകരുടെ കണ്ണിലുണ്ണി. ഇക്കാരണങ്ങളാൽ രാജന് അവനോട് ഒടുങ്ങാത്ത അസൂയയുമാണ്.

അനുനയസ്വരത്തിൽ ബാലൻ പറഞ്ഞു:

'എന്തിനാ രാജാ വെറുതേ വഴക്കുണ്ടാക്കുന്നത്? ഇന്ന് നാം ഒന്നിച്ചല്ലേ വന്നത്? നാം കേറിയത് രണ്ട് ബസ്സുകൾ ഘടിപ്പിച്ച റോഡ് ട്രെയിനിലല്ലേ?'

രാജൻ കോപത്തോടെ ബാലന്റെ നേർക്ക് തിരിഞ്ഞു.

പക്ഷെ ഇതിനിടെ, ഇടനാഴിയിലൂടെ കടന്നു പോയ ഗോപിസാർ ക്ലാസ്സിലേയ്ക്ക് എത്തിനോക്കി.

എന്താണിവിടെ? എന്താ ബാലാ?

അല്ല സാർ, മൂന്ന് ബസ്സുകൾ ചേർത്ത് ഘടിപ്പിച്ച റോഡ് ട്രെയിനിൽ രാജൻ കയറി എന്ന് പറഞ്ഞു. അത് ശരിയല്ല എന്ന് ഞാൻ പറയുകയായിരുന്നു.

'കേരളാ ട്രാൻസ്പോർട്ട് രണ്ട് ബസ്സുകൾ ഘടിപ്പിച്ച റോഡ് ട്രെയിനല്ലേ നിർമ്മിച്ചിട്ടുള്ളൂ. പിന്നെ ഇയാളെങ്ങനെ മൂന്നെണ്ണമുള്ളതിൽ കയറി? സ്വപ്നം കണ്ടതായിരിക്കും!'

എല്ലാവരും പൊട്ടിച്ചിരിച്ചു. പക്ഷെ അവരാരും ഇളിഭ്യനായി നിൽക്കുന്ന രാജന്റെ കണ്ണുകളിൽ

ഉരുണ്ടുകൂടുന്ന വികാരം കണ്ടില്ല.

പ്രതികാരം! ഇത്രയും പേരുടെ മുന്നിൽവെച്ചു തന്നെ ഫൂളാക്കിയ തിന് ബാലനോട് പകരം വീട്ടണം. അവൻ തീരുമാനിച്ചു.

അന്ന് ഫുട്ബോൾ മാച്ച് തീർന്നപ്പോൾ നേരം ഇരുട്ടി ത്തുടങ്ങിയിരുന്നു. വീട്ടിലേയ്ക്കുള്ള ഇടവഴിയിലേയ്ക്ക് കടക്കുമ്പോൾ ഇരുളിൽ ആരോ നിൽക്കുന്നത് ബാലൻ കണ്ടു. മുന്നോട്ട് നടക്കു മ്പോൾ ആളെ തിരിച്ചറിയുകയും ചെയ്തു.

അല്ലാ... രാജനോ? എന്താ രാജാ?

മറുപടി ഉണ്ടായില്ല. സ്നേഹം നിറഞ്ഞ സ്വരത്തിൽ ബാലൻ തുടർന്നു.

എന്തിനാ രാജാ, ഇന്ന് രാവിലെ വെറുതേ വീമ്പിളക്കിയത്?

അടുത്ത ക്ഷണം രാജൻ അതിശക്തിയോടെ എറിഞ്ഞ ഒരു കല്ല് ബാലന്റെ നെറ്റിത്തടത്തിൽ തറച്ചു.

സ്തബ്ധനായി നിന്ന ബാലന്റെ ചെവികളിൽ, വളരെ അകലെ നിന്നെന്ന പോലെ രാജന്റെ ശബ്ദം മുഴങ്ങി.

ഞാൻ വീമ്പിളക്കി അല്ലേ? ഒന്നു കൂടി പറയെടാ!

രാജന്റെ അടുത്ത ഏറ് ബാലന്റെ മൂക്കിന്റെ ഒത്ത മുകളിൽ തന്നെ കൊണ്ടു.

ചുറ്റുമുള്ള ഇരുട്ട് തന്റെ ഉള്ളിലേയ്ക്ക് വ്യാപിക്കുകയാ ണെന്ന് ബാലന് തോന്നി. ഒരു ഞരക്കത്തോടെ അവൻ കമിഴ്ന്നു വീണു.

രാജന്റെ മനസ്സിലൂടെ ഒരു മിന്നൽപ്പിണർ പാഞ്ഞു! ബാലൻ മരിച്ചു പോയിരിക്കുമോ?

അവനോട് പകരം വീട്ടണം, ശരിയ്ക്കൊന്ന് വേദനിപ്പിക്കണം എന്ന് മാത്രമേ രാജൻ ആഗ്രഹിച്ചിരു ന്നുള്ളൂ. അവനെ കൊല്ലണമെന്ന്...!

മിടിക്കുന്ന ഹൃദയത്തോടെ അവൻ വീട്ടിനുള്ളിലേക്ക് ഓടി.

എവിടെയോ പോയിട്ട് വീട്ടിലേക്ക് മടങ്ങുന്ന രാജന്റെ അച്ഛനാണ് ഇടവഴിയിൽ വീണു കിടക്കുന്ന ബാലനെ കണ്ടതും ആശുപത്രിയിൽ എത്തിച്ചതും.

മൂന്നാം ദിവസമാണ് ബാലന് ബോധം വീണത്. തളർന്ന കണ്ണുക ളോടെ അവൻ ചുറ്റും നോക്കി.

അച്ഛൻ! അമ്മ! ഗോപിസാർ! വേറെയും ആരൊക്കെയോ ഉണ്ടല്ലോ! പോലീസുകാർ! ഇവരെന്തിനാ?

മോനേ...!

എന്താ അമ്മേ?

മോന് ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?

ബാലൻ ഒന്നും മിണ്ടിയില്ല. എന്താണ് പറയുക?

കുട്ടിക്ക് തലവേദനയുണ്ടോ? ഗോപിസാറാണ്.

ഉണ്ട്!

കുട്ടിക്ക് സംസാരിക്കാമോ? ഒരു പോലീസുകാരനാണ്.

ങാ...

ഞങ്ങൾക്ക് ഒന്നുരണ്ടു കാര്യം അറിയണം. കുട്ടി ആലോചിച്ച് പറഞ്ഞാൽ മതി. ഒട്ടും പേടിക്കണ്ട. കേട്ടോ.

പെട്ടെന്ന് ബാലൻ മുറിയുടെ വാതിൽക്കൽ നിൽക്കുന്ന രാജനെ കണ്ടു! ഭയവിഹ്വലങ്ങളായ കണ്ണുകൾ!

കുറ്റബോധം തുളുമ്പുന്ന മുഖം! രാജൻ...!

പോലീസുകാരൻ തുടർന്നു:

അന്നു കുട്ടിയെ ആരാ എറിഞ്ഞത്? കുട്ടി കണ്ടോ?

കണ്ടു എന്ന് പറഞ്ഞാൽ...? അവൻ രാജന്റെ മുഖത്തേയ്ക്ക് നോക്കി. അവിടെ കണ്ടതോ! ഭയവും ദൈന്യതയും!

കളളം പറയുന്നത് അവന് ഇഷ്ടമല്ല. പക്ഷെ സത്യം പറഞ്ഞാൽ? തന്റെ വീട്ടുജോലിക്കാരൻ നാണുവിന്റെ വാക്കുകൾ അവൻ ഓർത്തു.

കുഞ്ഞേ... ഈ പോലീസുകാര് ഭയങ്കരന്മാരാ! ഒരുത്തനെ കയ്യിൽ കിട്ടിയാൽ അവന്മാര് ഇടിച്ച് കലക്കിക്കളയും!

എന്താ കുട്ടീ? ഓർമ്മയില്ലേ? ധൃതി വയ്ക്കണ്ടാ ആലോചിച്ച് പറഞ്ഞാൽ മതി. പോലീസുകാരൻ ധൃതി കൂട്ടി.

അല്ലെങ്കിൽ രാജന്റെ പേര് പറഞ്ഞാലെന്താ? അവന് രണ്ടിടി കൊളളട്ടെ! താൻ എന്ത് ചെയ്തിട്ടാണ് അവൻ തന്നെ കല്ലെറിഞ്ഞത്?

അവൻ വീണ്ടും രാജനെ നോക്കി. ആ കണ്ണുകൾ നിറയുകയാണോ? രാജൻ കരയുകയാണോ?

ഇല്ല! ഇല്ല! താൻ കാരണം... പെട്ടെന്ന് ബാലൻ പറഞ്ഞു:

ഞാൻ കണ്ടില്ല!

എന്ത്?

എല്ലാവരുടേയും മുഖത്ത് വിസ്മയം നിഴലിട്ടു.

നല്ല ഇരുട്ടായിരുന്നു. ഞാൻ കണ്ടില്ല.

ബാലൻ തിരിഞ്ഞു കിടന്നു. ഇനിയും തന്നെ ഉപദ്രവിക്കരുതേ എന്ന മട്ടിൽ. എല്ലാവരും പോയി.

പെട്ടെന്ന് കട്ടിലിനടുത്ത് ആരോ നിൽക്കുന്നതായി ബാലന് തോന്നി. അവൻ കണ്ണു തുറന്നു.

രാജൻ! അവന്റെ നിറഞ്ഞൊഴുകുന്ന കണ്ണുകളിൽ പശ്ചാത്താപത്തിന്റെ കണ്ണുനീർ!

രാജനോട് തോന്നിയ വിദ്വേഷത്തിൽ അൽപ്പമെങ്കിലും ബാക്കിയുണ്ടായിരുന്നെങ്കിൽ, അതും ആ നിമിഷം ബാലന്റെ ഹൃദയത്തിൽ നിന്നും നീങ്ങി. അവൻ മെല്ലെ രാജന്റെ കരം ഗ്രഹിച്ചു. അത്രയുമായപ്പോൾ രാജന്റെ എല്ലാ നിയന്ത്രണവും വിട്ടുപോയി. ബാലന്റെ തലയിണയിൽ മുഖമമർത്തി അവൻ പൊട്ടിക്കരഞ്ഞു!

തോളിൽ കയ്യിട്ട് അവനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ, ജീവിതത്തിൽ അപൂർവ്വമായി മാത്രം ലഭിക്കുന്ന ഒന്ന് ബാലൻ നേടുകയായിരുന്നു - ആത്മാർത്ഥതയുളള ഒരു കൂട്ടുകാരനെ!



## Book Release

The book "Ever Green Rythms" (An anthology of poems) written by Jayanthy J. (our Church member) was released on 27th July by Mr. Shyamaprasad and received by Prof. Hridayakumari. The book is available at TBS Book Shop, Statue, Tvm.

Poem

# Arise and Shine

**Juliet Josephus**

Arise and shine,little children,
Arise and shine for the Lord Jesus;
You are called to be little soldiers
In the mighty army of the Lord.

Children are a gift of the Lord,
The fruit of the womb's reward,
Like arrows in a warrior's hand,
Likewise are the children of one's youth.

Therefore train a child when he's young
In the way God has specified;
Even when he becomes old in age
He will not depart from his training.

Jesus loves all children,we know,
He loves them each and everyone,
Therefore He spake to His diciples
When they rebuked, children being brought.

'Suffer children to come to me,
Do not forbid them to do so,
To them belong the Kingdom of God,
Be like a child to enter therein.'

Turn to Jesus ,little children,
Make His life, your pattern in life,
Obedient grow just like Jesus Christ,
Grow wise and strong as was our Jesus.

The Creator God of this world
Lives in the heart of born again,
He will surely come into your heart
If you will only call on His Name.

So seek Jesus, little children,
Seek Him with all your heart and soul,
He'll surely answer your call and come
He will be your guiding Light in life .

---

# അപാര കൃപ

(ജോൺ ന്യൂട്ടൺ രചിച്ച
'Amazing Grace' എന്ന
ഗാനത്തിന്റെ പരിഭാഷ.)

*പരിഭാഷ:*
മനോജ് എബനീസർ

1. അപാര കൃപ, മാധുര്യ നാദം
രക്ഷിച്ചീ നീചനെ!
അലഞ്ഞോൻ ഞാൻ, ഇപ്പോൾ സ്വസ്ഥൻ
അന്ധൻ, ഇപ്പോൾ കാണ്മൂ!

2. ഭയം പഠിപ്പിച്ചു കൃപ,
ഭയത്തെ അകറ്റി;
എത്ര ശ്രേഷ്ഠം കൃപാകാഴ്ച
വിശ്വാസ നാഴികേ!

3. ആപത്തദ്ധ്വാന പാശത്തിൽ
എന്നെയും നടത്തി,
ഇത്രമാത്രം കാത്ത കൃപ
എത്തിക്കും ഭവനേ

4. സൂര്യനെപ്പോൾ തേജസ്സോടെ
കോടി വർഷം കാത്താൽ,
തൻ സ്തുതി പാടാൻ നാൾകളോ
പിന്നേയും ശിഷ്ടമേ!

# The Father's Love

Sarah Mary Praseedom

When we have nobody,
He is the One we turn to.
When we cannot hold on,
He is the One we reach to.
And when we feel unsteady,
He is the rock beneath our feet.
If we are in darkness,
He lights us a candle.
If we are breaking apart,
He holds us together.
And if we have nothing,
He is all we need.

## Family Bible Quiz 2013 - A Report

Rev.Ezra Harris Memorial Family Bible Quiz was conducted by Young Family Fellowship on 13/10/2013. The prizes were sponsored by Mr Joseph Bose and family in memory of his grandfather Rev. Ezra Harris, who was a priest of South Kerala Diocese.The consolation prizes were sponsored by Er Jose H Jones and family, one of the grandsons of Rev Ezra Harris.The preliminary round was on 29th September, which was attended by 16 families of which 5 teams were selected for the final stage rounds. Dr.Manju Renjith was the Programme Convenor and Quiz Master whose dedication and commitment and that of her husband Er. Renjith Darwin were outstanding, and deserves special appreciation. The questions were prepared under the guidance of Rev. Dr. L.E.Sahanam, Er.Priya Joy helped in translating the questions. Er. Salins Kumar developed a software for buzzer round. Mr. Shadrek Susheel helped in live telecasting the quiz through internet. Prof. Sanchita Bobby and Er. Jerry Daniel were the scorers. The timing of the quiz were controlled by Er. Joy H Jones and Mr. Anil Kumar. Mr. John Kingsley was behind the stage and decorations. It was an effort from Young Family Fellowship to make families study Bible, and to grow on the Word of God, for a strong family, for a strong church. It was a spiritually enriching experience to all those who participated and attended.

WINNERS

| | | |
|---|---|---|
| 1.Mr.Praveen Titus & Team | - | 1st |
| 2.Er.Ajith Sen & Team | - | 2nd |
| 3.Dr. Preethi Davidson & Team | - | 3rd |

**Dr. Sindhuja Suresh**
Young Family Fellowship

# Influence of Sunday School on Children

**Dr. Evangeline Shanti Roy**
(Former Professor and Head, Institute of English, University of Kerala)

The Sunday school movement began in Britain in the 1780s. It is important to realize that Sunday schools were originally schools where poor children could learn to read. The Industrial Revolution had resulted in many children spending all week working in factories. Christian philanthropists wanted to free these children from a life of illiteracy. Robert Raikes, supported by many clergymen, devised a plan to gather poor, uneducated working children into classes on Sundays, the children's only day off. And so the Sabbath or Sunday school was born. Clean clothes and learning materials were provided, and instruction given in reading, writing, hygiene and good citizenship. The Bible was the textbook used for learning to read. Likewise, children learned to write by copying out passages from the Scriptures. Students were encouraged to memorize large portions of the Bible. Spiritual practices such as prayer and hymn-singing were also taught. Within four years over 2,50,000 children were attending Sunday schools throughout England. The churches hoped that the morality taught, being based on the truths of Scripture, might bring about a transformation in the hearts of the children, and serve the dual purpose of bettering the future of society as well as curbing the rampant delinquency. The movement soon spread to America as well. Within decades, the movement had become extremely popular. By the mid-19th century, Sunday school attendance was a near universal aspect of childhood in Christian countries. Even parents who did not regularly attend church themselves generally insisted that their children go to Sunday school.

Coming to the situation in our own church, the missionaries of the London Missionary Society who came to South India in the 19th century were responsible for converting our forefathers, leading them to accept the true gospel of Christ. The Sunday school, which was already an inalienable part of church activities in England, was naturally introduced by the missionaries here also. Young children were taught Biblical truths in simple terms through songs, stories and other activity- based learning. Over the last fifty years our church and Sunday school have undergone many changes. Once, there were only two worship services, one in Malayalam in the morning and one in Tamil in the evening, with Sunday school classes being

conducted in the afternoon in three languages – Malayalam, Tamil and English. Now, church membership has increased, there are five worship services, and Sunday school is conducted in two sessions, in the forenoon and afternoon, in two languages – Malayalam and English.

There is no doubt that Sunday school is a major influence in shaping the life, beliefs and character of children. While the purpose of the original Sunday school – imparting education and the gospel to disadvantaged children who had never been exposed to both – does not hold good here, the advantages are many. Though most of the children in our Sunday school come from Christian homes, it is a sad fact that many parents, who are so caught up in their own busy work schedules and domestic chores, do not find time to sit down and tell Bible stories or share the gospel with their young children. What time they can spare, they spend in helping children with their studies rather than in teaching the Scripture and praying with them. They forget the Biblical exhortation that parents should teach the Word of God to their children, "when you sit at home, and walk along the road, when you lie down and when you get up" (Deut. 11:19). Children also are overburdened by the pressures of modern day schooling – homework, preparation of projects and assignments, studying for tests, tuitions, and so on. But the fact remains that it is the values and beliefs acquired in early childhood that mould adult behaviour. The priorities of life have to be instilled at a very early age. The Bible reminds us, "Train a child in the way he should go, and when he is old he will not turn from it" (Proverbs 22:6). This is where the role of the Sunday school can prove invaluable.

Children who attend Sunday school are exposed to a great variety of experiences that are attractive and so different from what they are familiar with in their school environment. Classes begin with a common assembly in which a short prayer is followed by a session where simple songs and choruses that incorporate deep spiritual truths, often accompanied with action, are taught. These songs sink into their mind and remain with them throughout life. (This is the experience of all those who have attended Sunday school in childhood.) During the second part of Sunday school, the children are divided into small classes based on their age. Sunday school today consists of eight grades that cater to the needs of children and youth from the age of three to twenty-five. The carefully designed syllabus takes into consideration the differing interests and abilities of children of each age group. It attempts to introduce them to eternal spiritual truths in an age-appropriate manner, so that they can grasp it easily. There are also opportunities for children to

develop leadership qualities, as well as their artistic talents.

Sunday school teachers are entrusted with small classes of six or seven so that they can get to know each child personally, relate to them and understand their needs. Presenting the gospel in a way that will appeal to every child is a real challenge. Their greatest responsibility is to lead each child to accept Jesus as their personal saviour and become heirs to the eternal kingdom of God. As each year's syllabus is centred on a particular theme, the children gain an understanding of the theme from different Biblical perspectives. While doing the exercises in the workbook, older children are encouraged to apply their minds, search the Word of God and discover answers for themselves. This will lay the foundation for a lifetime habit of searching the Scriptures for answers to life's problems. It is one of the duties of the teacher to help them cultivate this habit. Other important practice is that the teacher is expected to inculcate in the children include the habit of regularly setting apart time every day to spend with the Word of God and in prayer, even in the midst of the busiest of schedules. The class can also be taught the importance of praying as a group for common needs or for a specific issue with which they all can identify. This will sow the seed for prayer fellowships. Such activities will wean them away from many of the temptations that assail young people on all sides today.

Sunday school is a place where ideally, all the children of a congregation meet, get acquainted and interact with one another. This is very important at a time when children go to so many different educational institutions and don't get a chance to know other church members of their own age group. It is the childhood friendships formed in Sunday school that bind us to fellow believers from our own congregation in lasting bonds. Such friendships will prevent many children from falling into undesirable company which may lead them into sinful ways. It will develop in them a sense of identity as members of our congregation, and encourage them to continue to participate in all church activities even in adulthood. We should never underestimate the importance of the Sunday school in the wide gamut of Church activities. Studies indicate that where Sunday schools are thriving and growing, church membership and attendance increases. It is the collective responsibility of all to ensure that children attend Sunday school regularly as the rewards are so manifold.

---

**Every child comes with the message that**
**God is not yet discouraged of human beings -** Tagore

---

# ബിഷപ്പ് വി.എസ്. അസറിയ

(1874–1945)

**ആൽബർട്ട് ലിവിംഗ്സ്റ്റൺ**

1836–ൽ തമിഴ്നാട്ടിൽ തിരുച്ചെന്തൂറിലെ മെയ്ഞ്ഞാനപുരത്ത് റവ. ജോൺ തോമസ് എന്ന മിഷണറിയുടെ പ്രവർത്തനത്താൽ വേലായുധം എന്ന ഗ്രാമീണൻ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് മാനസാന്തരപ്പെട്ട് സ്നാനപ്പെട്ട് തോമസ് ദേവനായകം എന്ന പേരുസ്വീകരിച്ചു. വിദ്യാഭ്യാസം നൽകി അദ്ദേഹത്തെ മിഷണറി ഒരു പട്ടക്കാരനായി അഭിഷേകം ചെയ്തു. തോമസ് ദേവനായകത്തിന്റെ ആദ്യ ഭാര്യ നിര്യാതയായി. പിന്നീട് ഹെലൻ എന്ന വനിതയെ വിവാഹം ചെയ്തു. ആദ്യത്തെ കുഞ്ഞിനു ശേഷം 13 വർഷത്തിനു ശേഷം ഒരു മകൻ ലഭിച്ചു. അവൻ തങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായി ലഭിച്ചതാണെന്ന വിശ്വാസത്തിൽ അവന് സാമുവൽ എന്ന് പേരിട്ടു.

1874 ഓഗസ്റ്റ് 17–ന് ജനിച്ച സാമുവൽ ദേവനായകം അസറിയ തന്റെ പ്രാഥമിക വിദ്യാഭ്യാസം വേളാളംവിളയിലെ ഒരു ഗ്രാമീണവിദ്യാലയത്തിൽ നടത്തി. അക്കാലത്ത് ഒരു ദിവസം സ്കൂളിൽ ഇരുന്നപ്പോൾ ഉഗാണ്ടയിലെ ക്രൂരനായ രാജാവ് അവിടുത്തെ ബിഷപ്പായിരുന്ന 'ഹാനിംഗ്ടൺ' –നെ വധിച്ച വാർത്ത കേൾക്കാൻ ഇടയായി. ഉടൻ തന്നെ അസറിയ തന്റെ കൈയ്യിൽ കിടന്നതായ അവൻ ഏറ്റവും വിലമതിച്ചിരുന്ന സ്വർണ്ണവളകൾ ഊരിയെടുത്ത് ഉഗാണ്ടയിലെ സഭാപ്രവർത്തനങ്ങൾക്ക് സഹായമായി സംഭാവന ചെയ്തു.

തന്റെ പിതാവിന്റെ നിര്യാണത്തെത്തുടർന്ന് വിധവയായ മാതാവിനൊപ്പം മെയ്ഞ്ഞാനപുരത്തേക്ക് താമസം മാറി. അവിടുത്തെ ഹൈസ്കൂൾ മെട്രിക്കുലേഷൻ പൂർത്തിയാക്കിയ ശേഷം തിരുനെൽവേലിയിലെ സി.എം.എസ് കോളേജിലും 1893–ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിലും ബി.എ. കോഴ്സ് പഠിച്ചുവെങ്കിലും അസുഖം കാരണം പരീക്ഷയെഴുതുവാൻ കഴിഞ്ഞില്ല. തുടർന്ന് സ്വന്തമായി അറിവു വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. പിൽക്കാലത്ത് 25 വർഷങ്ങൾക്ക് ശേഷം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അദ്ദേഹത്തിന് എൽ.എൽ.ബി ബിരുദം നൽകി ആദരിക്കുകയുണ്ടായി.

1903–ൽ തന്റെ 29–ാം വയസ്സിൽ ഇന്ത്യൻ മിഷണറി സൊസൈറ്റി എന്ന സുവിശേഷ സംഘം സ്ഥാപിച്ചു. തുടർന്ന് 1905–ൽ മറ്റു സ്നേഹിതരുമായി ചേർന്ന് നാഷണൽ മിഷണറി സൊസൈറ്റി (എൻ.എം.എസ്) സ്ഥാപിച്ചു.

---

**Each day of our lives we make deposits in the memory banks of our children**
- Charles R. Swindoll

ഇതിൽ മിസ്റ്റർ കെ.റ്റി. പോൾ, ഹെണ്ടസ്മാൻ, ഷെർവുഡ് എഡ്ഡി തുടങ്ങിയവർക്ക് വലിയ പങ്കുണ്ടായിരുന്നു. നാഷണൽ മിഷണറി സൊസൈറ്റിയുടെ ലക്ഷ്യവും ഉദ്ദേശ്യവും സുവിശേഷീകരണം - ഇന്ത്യയുടെ സുവിശേഷം എത്തപ്പെടാത്ത സ്ഥലങ്ങളിലും അയൽരാജ്യങ്ങളിലും സുവിശേഷത്തിന്റെ ആത്മീയശക്തി പകരുന്നതിനുമാണ്. അതിനായി സ്ഥാപകർ തീരുമാനിച്ചത് പ്രവർത്തനങ്ങൾ ഭാരതീയരാൽ ഭാരതത്തിലെ പണം കൊണ്ട് ഭാരതീയ ദിശയിൽ നടത്തണമെന്നാണ്.

വി.എസ്. അസറിയ എൻ.എം.എസ്സിന്റെ ആദ്യ ജനറൽ സെക്രട്ടറിയായി (1905-1909 വരെ). അതേസമയം 1909-ൽ ഒരു മിഷണറിയായി ഡോർണക്കലിൽ സ്വമേധയാ പോകുന്നതിന് തയ്യാറായി. അവിടെ ജൂൺ മാസത്തിൽ ഒരു ദിയാകോൻ ആയി പ്രതിഷ്ഠിക്കപ്പെട്ടു. മൂന്ന് വർഷങ്ങൾക്ക് ശേഷം ഡോർണക്കൽ ഡയോസിസിന്റെ ആദ്യ ഇന്ത്യൻ ബിഷപ്പായി അവരോധിക്കപ്പെട്ടു. ഡയോസിസിന്റെ അംഗസംഖ്യ 56-ൽ നിന്നും 2,20,000 ആയി മാറി 1935-ൽ.

അദ്ദേഹത്തിന്റെ വലിയ സംഭാവനകളിലൊന്ന് സഭാഐക്യത്തിനായി പ്രയത്നിക്കുകയും സി.എസ്.ഐ എന്ന ഐക്യസഭയ്ക്ക് രൂപം നൽകുന്നതിൽ ഒരു ഗണ്യമായ പങ്കുവഹിച്ചു എന്നതുമാണ്. പാവപ്പെട്ട പിന്നോക്ക വർഗ്ഗമായി കരുതിയിരിക്കുന്നവർക്ക് വേണ്ടി കൂടുതൽ സമർപ്പണത്തോടെ പ്രയത്നിച്ചു. അവരുടെ ഒരു സ്നേഹിതനായിത്തീർന്നു. എല്ലാവരും സഹോദരങ്ങളാണ്, ഒന്നാണ് എന്ന വചനാധിഷ്ഠിതമായ വിശ്വാസം പ്രായോഗികമാക്കി. അങ്ങനെ ബിഷപ്പ് അസറിയ, 'പുറംതള്ളപ്പെട്ടവരുടെ അപ്പോസ്തലനാണെന്നും ഐക്യത്തിന്റെ അപ്പോസ്തലനാണെന്നും' അറിയപ്പെട്ടു.

ബിഷപ്പ് അസറിയയോടൊപ്പം കെ.റ്റി.പോൾ, ഷെർവുഡ് എഡ്ഡി എന്നിവരും വൈ.എം.സി.എ വഴിയും സഭാഐക്യത്തിനായി 17 ചെറുപ്പക്കാരെ സെറാംപൂരിൽ കൂടി ചേർക്കുന്നതിനും 1905 ഡിസംബർ 25 ക്രിസ്തുമസ് ദിനത്തിൽ എൻ.എം.എസ് എന്ന സുവിശേഷ സംഘടന ആരംഭിക്കുന്നതിനും നേതൃത്വം നൽകി. ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) ബിഷപ്പ് അസറിയയുടെ 'ജീവിക്കുന്ന സ്മാരക'മാണ്. 1945 ജനുവരി 1-ന് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്ന സി.എസ്.ഐ.യുടെ ജനനത്തിന് 2 വർഷം മുമ്പ് ബിഷപ്പ് അസറിയ കാലം ചെയ്തു. 'The Apostle of Evangelism, Apostle of Outcasts and Apostle of Unity'.

| We welcome these new families joined by Marriage | | | |
|---|---|---|---|
| Sl.No | Family No | Members | Date of Marriage |
| 1 | 2062 | Dr.Amal K. & Mrs.Saritha | 14-10-2013 |

# Family Week 2013

(A Report)

Thanks be to God who has led us and guided us throughout the year 2013 and has helped us to celebrate Family Week in a very good manner. This year, the Family Week started from 8th September and ended on 15th September. Family Sunday was observed on 8th September and on that day Women's Fellowship Members took leading roles in all the worship services. This years' theme was 'Family - get-together of Relationships'. During the week we visited the houses of the elderly members of our Church. We also visited 'Pakal Veedu', spend some-time with the inmates and had lunch with them. It was a very good experience.

On Friday, 11th October, Cottage prayer was held at the residence of Mr. Mac Donald White, Kowdiar. In connection with the Family Week, a sale was conducted on 15th September, Sunday at TJM Hall. The sale started from 8 AM and an amount of Rs. 58,500 was collected and the amount may be utilized for helping the unpriviliged people.

**Salima Ben**

Secretary, Womens' Fellowship

**Confirmation**

| Sl.No | Family No | Name | Date of Confirmation |
|---|---|---|---|
| 1 | 204 | Mr. Justinian | 19-09-2013 |
| 2 | 629 | Mrs. Freeda Sumajam | 19-09-2013 |
| 3 | 1042 | Mr. Selvaraj C. | 19-09-2013 |
| 4 | 1047 | Mr. Rajkumar P. | 19-09-2013 |
| 5 | 1250 | Mr. Ashok V. | 19-09-2013 |
| 6 | 1460 | Mrs. Ananthavalli T. | 19-09-2013 |
| 7 | 1722 | Mrs. Latha Selva Kumari | 19-09-2013 |
| 8 | 1851 | Mr. Vipin Nelson | 19-09-2013 |
| 9 | 1878 | Mr. Prathapa Chandran N. K. | 19-09-2013 |
| 10 | 1878 | Mrs. Ambika C. | 19-09-2013 |

**Baptism**

| Sl.No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1864 | Ms. Priya Vinu | 29-09-2013 |
| 2 | 1951 | Mr. Joel M. Davis | 13-10-2013 |

**We welcome these new families joined by TC**

| Sl.No | Family No | Members | Date of Join |
|---|---|---|---|
| 1 | 2061 | Dr. Edwin Mathew, Dr. Anitha K. G.<br>Ms. Megha Edwin & Ms.Neha Edwin | 30-09-2013 |

# സീനിയർ സിറ്റിസൺസ് വാരറിപ്പോർട്ട് - 2013

ജീവിതസായാഹ്നത്തിലെത്തിയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് ഒന്നിച്ചുകൂടാനും സ്നേഹം പങ്കിടുന്നുതിനും ആവശ്യങ്ങളിൽ സഹകരിക്കുന്നതിനും കൂട്ടായ്മയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ഏകാന്തതയിൽ ദൈവത്തിന്റെ മഹത്തായ സംരക്ഷണം ലഭിക്കുന്നതിനും നമ്മുടെ സഭയിലെ മുതിർന്നവരെ വിളിച്ച് വേർതിരിച്ച് സഭയിലെ അനുഗ്രഹീതമായ ഒരു കൂട്ടായ്മയാക്കിവെച്ചിരിക്കുന്ന ദൈവത്തെ സ്തുതിക്കട്ടെ.

കഴിഞ്ഞ 11 വർഷമായി സഭയുടെ തണലിലും നിഴലിലും നിലനിൽക്കാനും, ദീർഘകാലത്തെ വിലപ്പെട്ട അനുഭവസമ്പത്ത് അടുത്ത തലമുറയ്ക്ക് വിവിധ മുഖാന്തരങ്ങളിലൂടെ പകർന്നുകൊടുക്കാൻ ദൈവം അവസരം തരുന്നു. വിവിധ പരിപാടികൾ ക്രമീകരിച്ച് ഈ വർഷത്തെ എസ്.സി.എഫ് വാരം സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 6 വരെ ആഘോഷിക്കുവാൻ കഴിഞ്ഞു.

റവ. ഡോ. റ്റി. വെൽവെറ്റ് ജോൺ (അസി. ഡയറക്ടർ, റ്റാഫ്റ്റി, ബാംഗ്ലൂർ) സെപ്റ്റംബർ 29-ന് ഈ വർഷത്തെ സീനിയർ സിറ്റിസൺസ് വാരം ഉദ്ഘാടനം ചെയ്തു. വാർദ്ധക്യസഹജമായ ബലഹീനതകൾ അനുഭവിച്ച് ദേവാലയത്തിൽ വരാൻ കഴിയാത്ത 80 ഓളം മുതിർന്നവരെ അവരുടെ വീടുകൾ സന്ദർശിച്ച് സഭയായി അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, വാർദ്ധക്യത്തിൽ അവർ ഒറ്റയ്ക്കല്ല, സഭയും ദൈവവും അവരോട് കൂടെയുണ്ടെന്ന് ഉറപ്പുവരുത്തി ധൈര്യപ്പെടുത്തുവാനും കഴിഞ്ഞു. ഒക്ടോബർ ഒന്നാം തീയതി അഖിലലോക സീനിയർ സിറ്റിസൺസ് ദിനത്തിൽ പാറശ്ശാലയിലെ 'അൻപുനിലയം' സന്ദർശിച്ച് അവിടുത്തെ അന്തേവാസികളോടൊപ്പം കൂട്ടായ്മ ആചരിക്കുന്നതിനും സാമ്പത്തികമായി അവരെ സഹായിക്കുന്നതിനും ദൈവം അവസരം നൽകി.

ഒക്ടോബർ രണ്ടാം തീയതി സംഘടിപ്പിച്ച സെമിനാറിൽ 85-ഓളം മുതിർന്നവർ പങ്കെടുത്തു. അച്ചന്മാരുടെയും സഭാസെക്രട്ടറിയുടെയും സന്ദേശങ്ങൾ മുതിർന്നവർക്ക് ശക്തി പകർന്നു. 'വാർദ്ധക്യം - വെല്ലുവിളികളും സാദ്ധ്യതകളും' എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. മാമച്ചൻ അനുഗ്രഹീതമായ പ്രബോധനം നൽകി.

ഒക്ടോബർ ആറാം തീയതി ഞായർ ആരാധനകൾക്ക് എസ്.സി.എഫ് അംഗങ്ങൾ നേതൃത്വം നൽകി. വൈകുന്നേരം നടന്ന സമാപന യോഗത്തിൽ ഡോ. ഡി. ബാബുപോൾ ഐ.എ.എസ് മുഖ്യാതിഥിയായിരുന്നു. ഈ വർഷം 75 വയസ്സ് പൂർത്തിയാക്കിയ നമ്മുടെ സഭയിലെ 11 വന്ദ്യമാതാപിതാക്കളെ ആദരിച്ചു.

ജീവിതാന്ത്യത്തിൽ കർത്തൃസന്നിധിയിൽ എത്തുന്നതുവരെ മുതിർന്നവരുടെ അത്താണിയായി, ആശാകേന്ദ്രമായി ഈ സംഘടന എന്നെന്നും ജ്വലിച്ച് പ്രകാശിക്കട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു.

**വൈ. ക്രിസ്തുദാസ്**

ജനറൽ സെക്രട്ടറി, എസ്.സി.എഫ്

എഡിറ്റോറിയൽ

# കുട്ടികളോടുള്ള നമ്മുടെ കടമ



വർഷങ്ങൾക്ക് മുമ്പ് എഡ്വേർഡ് കിംബാൾ എന്നൊരു സണ്ടേസ്കൂൾ അധ്യാപകനുണ്ടായിരുന്നു. തന്റെ എല്ലാ കുട്ടികളും യേശുവിനെ രക്ഷകനായി സ്വീകരിക്കണം എന്ന നിർബ്ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് വേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അവരോട് വ്യക്തിപരമായി അദ്ദേഹം ഇടപെടുകയും ചെയ്തിരുന്നു.

ഒരിക്കൽ എഡ്വേർഡ് കിംബാൾ ചെരുപ്പ് കടയിൽ ജോലിചെയ്തിരുന്ന സാധുവായ ഒരു കുട്ടിയുമായി വ്യക്തിപരമായി സംസാരിക്കുകയും അവൻ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ആ കുട്ടിയുടെ ഭവനം സന്ദർശിച്ച് അദ്ദേഹം അവന് ഒരു ബൈബിൾ സമ്മാനിച്ചു. പഠനത്തിൽ താൽപ്പര്യമില്ലായിരുന്ന അവന് പഠിക്കുവാനുള്ള പ്രോത്സാഹനവും അദ്ദേഹം നൽകി. ആ കുട്ടിയാണ് പിൽക്കാലത്ത് ലോകം അറിഞ്ഞ വലിയ സുവിശേഷ പ്രസംഗകനായി മാറിയ ഡി.എൽ. മൂഡി.

മൂഡി ഒരിക്കൽ ഒരു കൺവെൻഷനിൽ പ്രസംഗിച്ച് മടങ്ങിവരുമ്പോൾ സ്നേഹിതൻ ചോദിച്ചു, 'എത്ര പേർ മാനസാന്തരപ്പെട്ടു?' മറുപടി, 'രണ്ടര ആളുകൾ'. സ്നേഹിതൻ വിലയിരുത്തി: രണ്ടു മുതിർന്നവരും ഒരു കുട്ടിയും എന്ന്. എന്നാൽ മൂഡി പറഞ്ഞു: രണ്ട് കുട്ടികളും ഒരു പ്രായമുള്ള വ്യക്തിയും! ഇങ്ങനെ വിശദീകരിച്ചു: 'കുട്ടികൾ ദൈവരാജ്യത്തിനായി സമർപ്പിച്ചാൽ അവരുടെ ആയുസ്സ് മുഴുവനും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ലഭിക്കും; എന്നാൽ മുതിർന്നവരാണെങ്കിൽ ആയുസ്സിന്റെ പകുതിയും.' ഈ വലിയ ദർശനമാണ് സഭയ്ക്കും സണ്ടേസ്കൂൾ അധ്യാപകർക്കും ഉണ്ടാകേണ്ടത്.

യേശുകർത്താവിന്റെ ഈ ലോകത്തിലെ പരസ്യശുശ്രൂഷയുടെ സന്ദേശം ഒറ്റവാക്കിൽ പയുവാൻ ശ്രമിച്ചാൽ അത് 'ദൈവരാജ്യം' (Kingdom of God) എന്നതാണ്. കർത്താവ് ഈ ലോകത്തിൽ വന്നതുതന്നെ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുവാനും നമ്മെ ദൈവരാജ്യത്തിന്റെ അവകാശികൾ ആക്കുവാനും വേണ്ടിയാണ്. ദൈവരാജ്യത്തിന്റെ അവകാശിയായിത്തീരുന്നതിന് ഒരുകാര്യം മാത്രമേ യോഗ്യതയായി പറയുന്നുള്ളൂ - നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെയായി വരേണം എന്നതാണ് ആ യോഗ്യത (മത്താ. 18:3). ഇതു വളരെ ലളിതമായ പ്രഖ്യാപനമാണെങ്കിലും വളരെ അർത്ഥവ്യാപ്തിയുള്ള ആശയമാണ്. **നാം കൊച്ചു കുട്ടികളെ ശ്രദ്ധിച്ചാൽ വളരെയധികം കാര്യങ്ങൾ അവരിൽ നിന്നും നമുക്ക് പഠിക്കുവാനും നമ്മുടെ ജീവിതത്തിൽ പകർത്തുവാനും കഴിയും.** കുട്ടികളിൽ നാം കാണുന്ന ആത്മാർത്ഥത, നിസ്വാർത്ഥ സ്നേഹം, പൂർണ്ണമായ ആശ്രയം, നിഷ്ക്കളങ്കത, പഠിക്കുവാനുള്ള തുറന്ന മനസ്സ്, പരസ്പര വിശ്വാസം, മറക്കുവാനും ക്ഷമിക്കുവാനുമുള്ള കഴിവ്, കരുതൽ മുതലായവ മറ്റെങ്ങും തന്നെ നമുക്ക് കാണുവാൻ കഴിയുകയില്ല.

നമ്മുടെ പുതിയ തലമുറയിലെ കുട്ടികൾ വളരെ മിടുക്കരാണ്. പ്രായത്തെക്കാൾ കൂടുതൽ അറിവ് അവർ നേടിക്കൊണ്ടിരിക്കുന്നു. മക്കളെ വലിയവരാക്കാൻ തീവ്രമായി ആഗ്രഹിക്കുന്ന മാതാപിതാക്കൾ ദൈവവചനം പഠിക്കുന്നതിനുള്ള പ്രോത്സാഹനം അവർക്ക് നൽകുന്നുണ്ടോ? ഉന്നത ബിരുദങ്ങളും ഉയർന്ന സാമ്പത്തിക സ്ഥിതിയും കുഞ്ഞുങ്ങളുടെ ഭാവി ഭദ്രമാക്കുന്നില്ല എന്ന് ആനുകാലിക സംഭവങ്ങൾ വിളിച്ചറിയിക്കുന്നു. **വിദ്യാഭ്യാസത്തിന് ഒരുവനെ സാമർത്ഥ്യമുള്ളവനാക്കാൻ സാധിച്ചേക്കും. എന്നാൽ ദൈവത്തിന് മാത്രമേ ഒരുവനെ നല്ലവനാക്കാൻ കഴിയുകയുള്ളൂ.** 'A child educated only at school is an uneducated child.' ഒരാഴ്ചയിലെ ഏഴ് ദിവസങ്ങളിലായി ദൈവം നമുക്ക് അനുവദിച്ച് നൽകിയിട്ടുള്ള 168 മണിക്കൂറിൽ കേവലം ഒന്നര മണിക്കൂർ സണ്ടേസ്കൂളിനായി വേർതിരിക്കുന്നത് കുട്ടികളുടെ ഭാവിക്ക് ഏറെ അനുഗ്രഹകരമാണെന്ന് നാം തിരിച്ചറിയണം.

ദൈവം നമുക്ക് നൽകിയിരിക്കുന്ന വലിയ ദാനമാണ് നമ്മുടെ കുട്ടികൾ. ഈ വലിയ സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ നാം അതീവജാഗ്രത പുലർത്തേണ്ടതാണ്. കുട്ടികളോടുള്ള നമ്മുടെ ഏറ്റവും വലിയ കടമ അവർക്ക് ദൈവവചനം വഴികാട്ടിയായി നൽകുക എന്നതാണ്. **ദൈവവചനം വഴികാട്ടിയാക്കിയവർക്ക് വഴിതെറ്റുകയില്ല, അവർ ലക്ഷ്യസ്ഥാനത്തെത്തിച്ചേരും.** സണ്ടേസ്കൂളിൽ ക്രമമായി പങ്കെടുക്കുവാൻ നമ്മുടെ കുട്ടികളെ നമുക്ക് പ്രോത്സാഹിപ്പിക്കാം. ഇപ്രകാരം അനുഗ്രഹിക്കപ്പെട്ട തലമുറയെ വാർത്തെടുക്കുന്നതിൽ പങ്കാളികളായി നമുക്ക് പ്രവർത്തിക്കാം.

**ആർ. സാജൻ സാംസൺ**
E-mail: sajansamson@hotmail.com
എഡിറ്റർ

## Circle Prayer - November 2013

| | | | | |
|---|---|---|---|---|
| 1/11/2013 | Charachira Circle | 2031 | Mr. D. Suresh Babu | Charachira |
| | LMS- Palayam circle | 1439 | Mr. Praveen Clement | Nanthavanam |
| | Ulloor Circle | 1667 | Mr. C. Prasad | Sreekaryam |
| 5/11/2013 | Vazhuthacaud circle | 1810 | Mr. Sajikumar Johnson | Chengallor |
| | Edapazhanji circle | T432 | Er. Sachidanandan F. S. | Koottamvila |
| | LMS-Palayam circle | 1615 | Mr. Mohanlal P.R. | Observatory lane |
| 8/11/2013 | Kowdiar circle | 1586 | Er. Nina Jesukumar | Kowdiar |
| | Muttada circle | 1455 | Mr. Chellaswamy | Marapalam |
| 12/11/2013 | Ambalamukku circle | 1816 | Ms. Anjana George | Kudappanakunnu |
| | Charachira circle | 1880 | Mr. T Chellappan | Charachira |
| | Pattom circle | 2059 | Mr. Joysingh J. D. | Mulavana |
| 15/11/13 | Statue Circle | 988 | Mr. Vasanthan Balsalam | Pettah |
| | Charachira Circle | 2031 | Mr. D. Suresh Babu | Charachira |

*If you want circle prayers to be arranged in your house, kindly inform the presbyter or deacon in charge of your ward.*

# Family Bible Quiz Winners 2013





I Prize : Praveen Titus & Team



II Prize : Ajith Sen & Team



III Prize : Dr. Preethi Edwin & Team

## 8th Year with the Lord

9th October 2013



**Ebenezer Nehemiah**

Ever remembered,
ever missed

Mathini Ebenezer (wife)

Children and in-laws:

Manoj Ebenezer & Shiny R L

Sindhu Ebenezer & Dharmaraj

Rekha Ebenezer & Ross Fenn

Grandchildren:

Alan, Ann; Priya, Prannoy; Julia, Ron



Senior Citizens Week.2013

Sunday School Retreat
at Kanyakumari

Winners of Sunday School Diocesian Level Competetions

Participants of Teenage Camp 2013